സങ്കടമുണ്ട്. നമുക്ക് ഒരു കാര്യം ചെയ്യാം. ഇത് നമുക്ക് ഇനിയെങ്കിലും യുനാനി മസ്സായിട്ട് പാസ്സാക്കണം. കർഷകർക്കുവേണ്ടി ഈ നിയമം പാസ്സാക്കി എന്നുള്ള ഒരു അഭിമാനബോധം നമുക്ക് ഉണ്ടാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനോട് ഞാൻ അഭ്യർത്തിക്കുന്നു, നമുക്ക് ആ തടസ്സവാദങ്ങളൊന്നും വേണ്ട; എല്ലാവർക്കുംകൂടി ഇത് യുനാനിമസ്സായി പാസ്സാക്കണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ : 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോമസ് പാഴികാടൻ]

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ. ഡൊമിനിക് പ്രസന്റേഷൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : സർ, അധികമൊന്നും ഞാൻ പറയുന്നില്ല. ഈ ബിൽ പഞ്ചായത്തുകൾക്ക് അമ്യൂസ്മെന്റ് പാർക്കിൽനിന്നു വരുമാനം ലഭ്യമാക്കാനും ഇവിടെ വരുന്ന വ്യവസായങ്ങൾ ഇവിടെ നിലനിൽക്കാനും വേണ്ടിയിട്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കോടതി വിധിയെത്തുടർന്നു ചില പഞ്ചായത്തുകൾക്ക് അമ്യൂസ്മെന്റ് പാർക്കുകളിൽനിന്ന് നികുതി പിരിക്കാൻ കഴിയാത്ത ഒരു അവസ്ഥ വന്നു. അമ്യൂസ്മെന്റ് പാർക്കിനെ ഒരു വ്യവസായമായി കാണണമെന്നും അവർക്ക് നിലനിൽക്കാൻ അവസരമുണ്ടാക്കണമെന്നും ഇതുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. തികഞ്ഞ സദുദ്ദേശത്തോടുകൂടിയാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അല്ലാതെ പഞ്ചായത്തുകൾക്ക് വരുമാനം കുറയ്ക്കാനല്ല. അവർക്ക് വരുമാനം ലഭ്യമാക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, ഞാൻ ബില്ലിൽ ഒതുങ്ങിനിന്നും പൊതുവായി ചില കാര്യങ്ങൾ മാത്രം സൂചിപ്പിച്ചും ഏറ്റവും ചുരുക്കമായി സംസാരിക്കുമെന്ന് അങ്ങേക്ക് ഉറപ്പുനൽകുകയാണ്. ബഹുമാന്യനായ ശ്രീ. കോവൂർ കുഞ്ഞുമോൻ എന്റെ ഒപ്പം ഡിസെന്റ് എഴുതിയ വ്യക്തിയാണ്. അദ്ദേഹത്തിനു ക്രൂരമായ പോലീസ് മർദ്ദനം ഏറ്റതുകൊണ്ട് അധികസമയം സഭയിൽ ഇരിക്കാൻ പറ്റാത്ത സ്ഥിതിയാണ്. ഇപ്പോൾ ഇവിടെ കാണുന്നുമില്ല. അദ്ദേഹത്തിന്റെ സമയം ഞാൻ അപഹരിക്കുന്നില്ല. അമ്യൂസ്മെന്റ് പാർക്കുകൾ കേരളത്തിലെ ഒരു പുതിയ വിനോദസംവിധാനമാണ്. ഇത്തരം സ്ഥാപനങ്ങളിൽനിന്നു കൃത്യമായി നികുതി ഈടാക്കാൻ സർക്കാർ ഇച്ഛാശക്തി കാണിക്കണം. കഴിഞ്ഞ കൊല്ലം ഏറ്റവും കൂടുതൽ പരസ്യം നൽകിയ കേരളത്തിലെ പത്ത് സ്ഥാപനങ്ങളിൽ ഒന്നാമതായി, ധനം മാസിക കണ്ടെത്തിയ ആ വലിയ വിനോദസഞ്ചാര കേന്ദ്രമാണ് 8 കോടി രൂപയോളം ഒരു ഗ്രാമപഞ്ചായത്തിനു കൊടുക്കാൻ ഉണ്ടായിരുന്നത്. പിന്നീട് നെഗോഷ്യയേറ്റ് ചെയ്ത് അത് 6 കോടി രൂപയാക്കി. കോടതി ഇടപെടലും മറ്റും ബോധപൂർവ്വം സൃഷ്ടിച്ച് തുക നൽകാത്തതിനെത്തുടർന്നുണ്ടായ സാഹചര്യം അതിജീവിക്കുന്നതിനുവേണ്ടിക്കൂടിയാണ് ഈ നിയമം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പേടിപ്പെടുത്തുന്ന അംഗവിക്ഷേപങ്ങളോ ശബ്ദവിന്യാസങ്ങളോ ഇല്ലാതെ ഭരണനിർവ്വഹണം സാധ്യമാണെന്നു തെളിയിച്ച വ്യക്തിയാണ് ബഹു. മന്ത്രി. കുട്ടിത്തം വിട്ടുമാറാത്ത നിഷ്കളങ്കഭാവം ബഹു. മന്ത്രിയുടെ മുഖമുദ്രയാണ്. സദുദ്ദേശപരമായിട്ടാണ് ഇത് പറയുന്നത്. നമുക്കറിയാം, തേൻ തേൻ എന്നു എഴുതിയിട്ട് നക്കിയാൽ അത് തേനാവുകയില്ല. ഇന്നു പ്രധാനപ്പെട്ട പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുള്ളത് കേരളത്തിന്റെ ധനസ്ഥിതി വളരെ ഗുരുതരമാണ്, കേരളം കടക്കെണിയിലേക്ക് പോകുന്നുവെന്നാണ്.

ശ്രീ. ടി. കെ. ദേവകുമാർ : സർ, യു.ഡി.എഫ്. മന്ത്രിസഭയിൽ ഇത്രയും നന്മകളുടെ നിറകുടമായ ഒരു മന്ത്രിയെക്കൊണ്ട് നിർബന്ധപൂർവ്വം രണ്ടാഴ്ച അവധി എടുപ്പിച്ചു എന്ന് അങ്ങ് രണ്ടാഴ്ച മുമ്പ് പറഞ്ഞത് ഓർമ്മയുണ്ടോ? അതിനെക്കുറിച്ചുകൂടി ഈ സന്ദർഭത്തിൽ പരാമർശിച്ചുപോകുന്നത് നന്നായിരിക്കുമല്ലോ.

ശ്രീ. സാജു പോൾ : സർ, ഈ മന്ത്രിസഭയിലെ എല്ലാ പാപ്പരകളും ഒഴിഞ്ഞുപോയിയെന്നു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മുമ്പ് ഇവിടെ പ്രഖ്യാപിച്ചുവെങ്കിലും നിരവധി പാപ്പരായ്പ്പുകൾ ഇപ്പോഴും നടക്കുന്നുണ്ട്. കേരളത്തിന്റെ ധനസ്ഥിതി ഏറ്റവും ഗുരുതരമാണ്. കേരളം കടക്കെണിയിലേക്ക് പോകുന്നു എന്നൊരു വാർത്ത പ്രധാനപ്പെട്ട എല്ലാ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വരുന്നുണ്ട്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യവകുപ്പു മന്ത്രിയും അവിശ്വാസ പ്രമേയചർച്ചയുമായി ബന്ധപ്പെട്ട് ധനകാര്യ മാനേജുമെന്റിനെപ്പറ്റി ഘോരഘോരം പ്രസംഗിക്കുകയുണ്ടായി. ഇഷ്ടംപോല പണമുണ്ട് എന്നു പറയുകയും പദ്ധതികൾക്ക് ആവശ്യമായ വിഭവങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെയുള്ളത്. പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകളെ കഴുത്തുഞെരിച്ച് അങ്ങേയറ്റം ദ്രോഹിച്ച ഒരു ഭരണസംവിധാനമാണ് ഇവിടെ നിലവിലുള്ളത്. ബഹു മാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സുഹൃത്തായിരുന്നു എന്റെ പിതാവ്. ബഹു. മന്ത്രിയോടുള്ള എല്ലാ സ്നേഹാദരങ്ങളും മനസ്സിൽവച്ചുകൊണ്ട് പറയട്ടെ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് ജോലികൾക്കും കുടിവെള്ള പദ്ധതികൾക്കും പണം നൽകാൻ തയ്യാറാകണം. സർക്കാർ സംവിധാനങ്ങൾതന്നെ ഗവൺമെന്റ് കടുത്ത പ്രതിസന്ധിയിലാണെന്നു പറയുന്ന സാഹചര്യത്തിൽ എന്താണ് കേരളത്തിന്റെ ധനസ്ഥിതിയെന്നു തുറന്നുപറയാൻ ബഹു. മന്ത്രി തയ്യാറാകണം. അതല്ല, ഒരുപാട് പണം കുന്നുകൂട്ടി വയ്ക്കുകയും അത് ആവശ്യമായ കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണെങ്കിൽ എനിക്ക് അദ്ദേഹത്തെ ഓർമ്മിപ്പിക്കാനുള്ളത്, പഴയകാല ശാസ്ത്രങ്ങളിലെല്ലാം പറഞ്ഞുവച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു പ്രമാണമാണ്. "ആവശ്യം നിറവേറ്റാതെ ധനമാർജ്ജിച്ചു വയ്പവോർ അടുത്ത ജന്മം വന്നീടും നിധികാക്കുന്ന ഭൂതമായി" എന്നാണ് അത്തരത്തിൽ ഒരു നിധി കാക്കും ഭൂതമായി ബഹു. ധനകാര്യ വകുപ്പുമന്ത്രി അടുത്ത തവണ യിൽ വരാതിരിക്കട്ടെയെന്ന് ആത്മാർത്ഥമായി ഞാൻ ആഗ്രഹിക്കുകയാണ്. ഐ.ടി.യും ബി.ടി.യും പിന്നിട്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളിൽ മുന്നേറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അതിനനുസൃതമായ പുതിയ സംവിധാനങ്ങളും വിനോദോപാധികളുമെല്ലാം നമ്മുടെ നാട്ടിൽ വരും. അതിനെ നികുതിവിധേയമാക്കുന്നതിനുള്ള സമഗ്രമായ ഒരു നിയമനിർമ്മാണമാണ് നമുക്ക് വേണ്ടത്. ഇപ്പോൾ അമ്യൂസ്മെന്റ് പാർക്കുകൾ മാത്രമല്ല, സ്ലൈഡിംഗ്, റോപ്പ്വേ, ഫ്ളൈയിംഗ് ക്ലബ്ബുകൾ, വാട്ടർ സ്കൂട്ടറിംഗ് തുടങ്ങി എത്രയെത്ര പുതിയ പുതിയ സങ്കേതങ്ങളാണ് നമ്മുടെ നാട്ടിൽ മുളച്ചുപൊന്തിക്കൊണ്ടിരിക്കുന്നത്. ആഡംബര ക്ലബ്ബുകൾ, ആർഭാട വിവാഹങ്ങൾ തുടങ്ങിയവയൊക്കെ നികുതി വിധേയമാക്കാവുന്നവയാണ്. നാട്ടിലെമ്പാടും മെഗാഷോകൾ നടക്കുകയാണ്. ഇതുപോലെ എത്രയോ പുതിയ കാര്യങ്ങൾ വിനോദനികുതിയുടെ പരിധിയിൽനിന്നും ഒഴിവാക്കപ്പെടുകയോ നമ്മുടെ ദൃഷ്ടിയിൽപ്പെടാതെപോവുകയോ ചെയ്തിരിക്കുന്നു. ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ നാം അന്വേഷിക്കുമ്പോൾ, കേരളത്തിൽ ഇന്ന് മൊബൈൽ ഫോൺ ഉപയോഗിച്ച് കോടിക്കണക്കിന് രൂപ നാം ചെലവഴിച്ചുകൊണ്ടിരിക്കുന്നു. കേബിൾ ശൃംഖല, ക്രെഡിറ്റ് കാർഡ് വഴിയുള്ള വ്യാപാരങ്ങൾ ഇത്തരം പുതിയ സ്രോതസ്സുകളൊന്നും വേണ്ടവിധത്തിൽ നാം ഉപയോഗിക്കുന്നില്ല. എല്ലായിടത്തും കോടതികളെ പഴിപറഞ്ഞ് തടിതപ്പുകയാണ് എന്നാണ് എന്റെ അഭിപ്രായം. നിരവധി രാഷ്ട്രീയ സാമൂഹിക നേതാക്കന്മാരും നായകന്മാരും ഉള്ള പെരുമ്പാവൂരിലെ എം. പി. നാരായണപിള്ള എഴുതിയ പിറവി ലേഖനങ്ങളിൽ പരാമർശിച്ചിട്ടുള്ള നികുതി സ്രോതസ്സുകളിലേക്ക് ബഹുമാനപ്പെട്ട മന്ത്രിയും അതുപോലെ ധനകാര്യവകുപ്പിലെ വിദഗ്ദ്ധന്മാരുമൊക്കെ ശ്രദ്ധപതിപ്പിക്കുന്നത് നന്നായിരിക്കും. ജനങ്ങളുടെ താൽപ്പര്യങ്ങൾക്കും സർക്കാരിന്റെ പരസ്യനിലപാടുകൾക്കും എതിരെ; രഹസ്യ നിലപാടുകൾ വേറെയുള്ളതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അങ്ങനെ എടുത്തുപറഞ്ഞത്, കോടതിവിധികൾ പരമ്പരയായി വന്നുകൊണ്ടിരിക്കുകയാണ്. പ്ലാച്ചിമടയുടെയും ഓൺലൈൻ ലോട്ടറിയുടെയും സ്വാശ്രയ കോളേജുകളുടെയും അമ്യൂസ്മെന്റ് പാർക്കുകളുടെയും കോവളം കൊട്ടാരത്തിന്റെയും വിഷയത്തിലെല്ലാം ജനവിരുദ്ധ കോടതിവിധികൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒരു ഗ്രാമപഞ്ചായത്തിന് 6 കോടി രൂപ കൊടുക്കാതിരിക്കാൻ കോടതിവിധിയാണ് യഥാർത്ഥത്തിൽ കാരണമായിത്തീർന്നത്. മറ്റെന്താണ് അതിന് തടസ്സമായിവന്നത്? അങ്ങനെയുള്ള സാഹചര്യത്തിൽ സമഗ്രമായ നിയമം നിർമ്മിച്ച് ഇനിയും ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്ന പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി ലഭ്യമാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും വിനോദ നികുതി ഒഴിവാക്കിക്കൊടുത്ത് ആ വ്യവസായത്തെ രക്ഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സിനിമാ തിയേറ്ററുകൾ നാട്ടിൻപുറത്തെ ഓലക്കെട്ടിടങ്ങളായിരുന്നു. ബഹുഭൂരിപക്ഷവും പൂട്ടിപ്പോയി. എയർ കണ്ടീഷൻ ചെയ്ത പല തിയേറ്ററുകളും വലിയ കല്യാണമണ്ഡപങ്ങളായി മാറിക്കൊണ്ടിരിക്കുകയല്ലേ? സിനിമ വ്യവസായത്തിന്റെ യഥാർത്ഥ പ്രതിസന്ധി അറിയേണ്ടേക്ക് എത്താൻ ആളുകൾക്ക് വേദിയില്ലാത്ത ഒരു അവസ്ഥയാണ്. തിയേറ്റർ എന്നു പറഞ്ഞാൽ "നിൽക്കാൻ ഒരു തറ, പിന്നിൽ ഒരു മറ, എന്റെ ഉള്ളിൽ നാടകം, എന്റെ മുന്നിൽ നിങ്ങൾ" എന്ന് ബഹുമാന്യനായ എൻ. എൻ. പിള്ള അദ്ദേഹത്തിന്റെ 'നാടകദർപ്പണം' എന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. തിയേറ്റർ എന്നു പറഞ്ഞാൽ സിനിമ തിയേറ്റർ എന്നുള്ള സങ്കൽപ്പമല്ല ഞാൻ ഉദ്ദേശിച്ചത്. എല്ലാം ചേർന്ന ഒരു കലാലോകം. ഇവിടെ നിലനിൽക്കണമെങ്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾക്കിടയിൽ കോടതി നടപടികളും മറ്റും തടസ്സം വരുത്തുന്നത് നമുക്ക് ഒഴിവാക്കാൻ കഴിയണം. ഡെൻമാർക്കിൽ എന്തോ ചീഞ്ഞുനാറുന്നു എന്നു പറഞ്ഞതുപോലെ വളരെ ഗുരുതരമായ ഒരു അവസ്ഥ ഇക്കാര്യത്തിൽ നമ്മുടെ നാട്ടിൽ വന്നുചേർന്നിട്ടുണ്ട്. ടാക്സ് എക്സംപ്ഷൻ കൊടുക്കേണ്ട ചില മേഖലകളുണ്ട്. ഈ ബില്ലിലെ മൂലനിയമത്തിൽ വിനോദനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള കലാരൂപങ്ങൾ എന്നു പറയുന്നത് നാടകം, കഥാപ്രസംഗം, ബാലെ, സർക്കസ്, മാജിക് മുതലായവ മാത്രമാണ്. എന്നാൽ ഇപ്പോൾ ഗാനമേള, മിമിക്സ് പരേഡ്, മിമിക്സ് ഗാനമേള, നൃത്തനൃത്യങ്ങൾ തുടങ്ങി നിരവധി കലാരൂപങ്ങൾ ഉണ്ട്. സിനിമാറ്റിക് ഡാൻസ് വിദ്യാലയങ്ങളിൽ നിരോധിച്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ നടപടികളോട് അങ്ങേയറ്റം ഞാൻ യോജിക്കുകയാണ്. കാരണം, നമ്മൾ ദൃശ്യമാദ്ധ്യമങ്ങൾ തുറന്നുകഴിഞ്ഞാൽ ഇളക്കവും തിളക്കവുമുള്ള വികൃതമായ കലാരൂപങ്ങൾ മാത്രമാണ് കാണാൻ കഴിയുന്നത്. നമ്മുടെ തനതു കലാരൂപങ്ങളെ വിനോദനികുതിയിൽനിന്നും ഒഴിവാക്കണം. വ്യാപാരലക്ഷ്യങ്ങളോടുകൂടി മെഗാഷോകൾ നടത്തുന്ന വിഭാഗങ്ങളെ നികുതിക്ക് വിധേയമാക്കാൻ കഴിയണം. കുന്നത്തുനാട് ഗ്രാമപ്പഞ്ചായത്തിന് ഇതുവരെ ഒരു രൂപപോലും നികുതി നൽകാത്ത സ്ഥാപനത്തിൽനിന്നും മുൻകാല

LIBRARY ARCHIVES Kerala Legislative Assembly

പ്രാബല്യത്തോടുകൂടിത്തന്നെ നികുതി ഈടാക്കണം. അതിനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്. മന്ത്രി അതിനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് ഉറപ്പായി പാവിക്കുന്നതിനുള്ള സംവിധാനം വേണം. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി മുമ്പ് സംസാരിച്ചപ്പോൾ ഗവൺമെന്റിനകത്തു തന്നെയുള്ള പാരകളെല്ലാം ഒഴിഞ്ഞുപോയി എന്നാണ് പറഞ്ഞത്. അത് ആരൊക്കെയാണെന്നുള്ളത് അദ്ദേഹം വിശദമാക്കിതരേണ്ടതാണ്. എനിക്ക് പറയാനുള്ളത് നമ്മൾ പരസ്പരം പാരവച്ച് ഇവിടെ നിൽക്കുമ്പോൾപോലും ജനങ്ങൾക്ക് പാരപണിതവരെ വെറുതെ വിടാൻ അവർ ഉദ്ദേശിക്കുന്നില്ല. അത് നമുക്ക് ഭാവിയിൽ കാണാൻ കഴിയും എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പഞ്ചായത്തുകളെ അവഗണിച്ചുകൊണ്ട് മുന്നോട്ടു പോകുന്ന ഒരു സംവിധാനത്തെ ജനങ്ങൾ എങ്ങനെ സ്വീകരിക്കുമെന്ന് കാണണ്ടേ? കുന്നത്തുനാട് ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികൾ ഇവിടെ വന്ന് ഭരണപക്ഷത്തുള്ളവരോടും പ്രതിപക്ഷത്തുള്ളവരോടും താണുകേണ് യാചിച്ചിട്ട് നമ്മൾ അവർക്കെതിരെ മുഖം തിരിച്ചു നിൽക്കുകയല്ലേ ചെയ്തത്? ഈ അവസാന സമയത്തെങ്കിലും ഇത്തരമൊരു നിയമം ഇവിടെ കൊണ്ടുവരാൻ തയ്യാറായ ബഹുമാനപ്പെട്ട മന്ത്രിയെ അംഗീകരിക്കുന്നു. പക്ഷേ, പഞ്ചായത്ത് ഭരണസമിതിയിലുള്ളവരെ അപഹസിക്കുന്ന തരത്തിലുള്ള പരാമർശങ്ങളാണ് പലരും പറഞ്ഞത്. 1990-ൽ ഉണ്ടായ ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും 1991-ൽ നിയമസഭയിൽ വൻഭൂരിപക്ഷത്തോടുകൂടിയാണ് ഞങ്ങൾ വന്നത് എന്നാണ് ഭരണകക്ഷി അംഗങ്ങൾ പറയുന്നത്. 1991-ൽ രാജീവ് ഗാന്ധി കൊലചെയ്യപ്പെട്ടത് വിസ്മരിക്കരുത്. അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടാലും നിയമസഭയിലേക്ക് ഞങ്ങൾ ജയിച്ചു വരും എന്നാണ് ഇവിടെ പ്രഖ്യാപിച്ചത്. പാവപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ഉൾപ്പെടെയുള്ളവർ.....

മി. ചെയർമാൻ: ഇതിന്റെ ഭാഗം അല്ലല്ലോ.

ശ്രീ. സാജു പോൾ: ഇത് പഞ്ചായത്ത് ഭരണസംവിധാനവുമായി ബന്ധപ്പെട്ട കാര്യമാണ്. പാർലമെന്റിലേക്കും നിയമസഭയിലേക്കും മൽസരിക്കുന്നത് സ്വപ്നം കാണാൻപോലും കഴിയാത്ത നമ്മുടെ നാട്ടിലെ പാവപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകരോട് നീ വേലി കെട്ടാൻ പോ ഞാൻ സദ്യ ഉണ്ണാം. അല്ലെങ്കിൽ ഞാൻ സദ്യ ഉണ്ണാം നീ വേലി കെട്ടാൻ പോ എന്നു പറയുന്നവർ അനുഭവിക്കും. കഴിഞ്ഞ നാലേമുക്കാൽ വർഷവും കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും യു. ഡി. എഫ്.-ലെ ഉന്നതന്മാരായിട്ടുള്ള നേതാക്കൻമാർ പക്ഷംതിരിഞ്ഞ് സൃഷ്ടിച്ച ഭരണ സ്തംഭനത്തിനും അസ്വിരതയ്ക്കും എല്ലാം ജനങ്ങൾ ചുട്ട മറുപടി നൽകുമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ അയൽക്കൂട്ടങ്ങളും ഗ്രാമസഭകളും സജീവമായിരുന്നു എങ്കിൽ ഇത്തരമൊരു അവസ്ഥ ഉണ്ടാകുമായിരുന്നോ? രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

സാർത്ഥ താൽപ്പര്യങ്ങളോടുകൂടി പഞ്ചായത്തുകളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും നോക്കിക്കാണുന്നത് അവസാനിപ്പിക്കണം. ബഹുമാന്യരായ ലീഗ് സുഹൃത്തുക്കൾക്ക് ശോഭനമായ ഒരു ഭാവി കേരളത്തിൽ ഞാൻ കാണുന്നില്ല. സുനാമി ഫണ്ടും ജലീൽ പീരങ്കിയും ഉൾപ്പെടെ പലവിധ പ്രശ്നങ്ങളിൽ അകപ്പെട്ട് നിൽക്കുന്ന മുസ്ലീം ലീഗ് കേരളത്തിൽ മുമ്പ് മുഖ്യമന്ത്രി സ്ഥാനവും നിരവധി സുപ്രധാന വകുപ്പുകളുടെ ചുമതലയുമൊക്കെ വഹിച്ചിട്ടുണ്ട്. പ്രശ്നങ്ങളുണ്ടെങ്കിലും ലീഗിന് ചില സാദ്ധ്യതകൾ തെളിയുന്നുണ്ട്. ബഹുമാന്യരായ വക്കം പുരുഷോത്തമനും ആര്യാടൻ മുഹമ്മദും തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ ആഗ്രഹിക്കുന്ന പദവി ആണെങ്കിൽക്കൂടി 2006-ൽ കേരളത്തിന്റെ പ്രതിപക്ഷനേതാവ് സ്ഥാനം ചരിത്രത്തിലാദ്യമായി മുസ്ലീം ലീഗിന് ലഭിക്കാൻപോവുകയാണ്. ഇ. ടി. യും സി. ടി. യും കുഞ്ഞാലിക്കുട്ടിയുമൊക്കെ യോഗ്യരാണെങ്കിൽപ്പോലും ബഹുമാന്യനായ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിക്കാണ് ഏറ്റവും സാദ്ധ്യത എന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്. കുന്നത്തുനാട് ഗ്രാമപ്പഞ്ചായത്തിനു സംഭവിച്ച ദുരനുഭവങ്ങൾ മറ്റൊരിടത്തും ആവർത്തിക്കാൻ അനുവദിക്കാത്ത രീതിയിൽ പിരിച്ചെടുക്കേണ്ട നികുതി ആരിൽനിന്നായാലും എത്ര കൊമ്പന്മാരിൽനിന്നായാലും പിരിച്ചെടുക്കുകതന്നെ വേണം. വരുമാനത്തിനാനുപാതികമായ നികുതിപിരിവ് ഉറപ്പാക്കുന്നതിനുള്ള ശക്തമായ വ്യവസ്ഥകൾ ഇല്ലാത്തതിനാലും നിർദ്ദിഷ്ട ബില്ലിലെ സ്ലാബ് സമ്പ്രദായ നിരക്കുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭീമമായ നഷ്ടം ഉണ്ടാക്കുമെന്നതിനാലും ശക്തമായി വിയോജിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

ശ്രീ. കെ. ബാബു: സർ, 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിന്റ്മെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ല് കൊണ്ടുവരാൻ കാരണം ഇത് ഒരു ഓർഡിനൻസായി കൊണ്ടുവന്നതാണ്. എന്റെ മുമ്പ് പെരുമ്പാവൂരംഗം സൂചിപ്പിച്ചതുപോലെ ഇത് കുന്നത്തുനാട്പോലെയുള്ള പഞ്ചായത്തുകളെ സഹായിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ശ്രീ. സാജു പോൾ ഈ ബില്ലിനെക്കുറിച്ച് പറഞ്ഞത് വളരെ തെറ്റിദ്ധാരണാജനകമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. യഥാർത്ഥത്തിൽ പഞ്ചായത്തുകൾക്ക് ടാക്സ് ലഭിക്കാനുള്ള ഈ ഗവൺമെന്റിന്റെ ആത്മാർത്ഥമായ ശ്രമത്തിന്റെ ഭാഗമായാണ് ഓർഡിനൻസ് കൊണ്ടുവന്നത്. അതിനുശേഷം ഓർഡിനൻസ് നിയമമാക്കുകയാണ്. 1961-ലെ കേരള പഞ്ചായത്ത് നിയമത്തിൽ പലതരത്തിലുള്ള അമ്യൂസ്മെന്റ് പാർക്കുകളെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അത് പ്രധാനമായും നമ്മുടെ ബില്ലിലെ 2-ാം വകുപ്പിലെ 4-ാം ഉപവകുപ്പിന്റെ അടിസ്ഥാനത്തിലും അവയ്ക്ക് ടാക്സ് ചുമത്താൻ പറ്റാത്ത സാഹചര്യത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നത്. പ്രദർശനം, പെർഫോർമൻസ്, അമ്യൂസ്മെന്റ് ഗെയിം, സ്പോർട്സ് അല്ലെങ്കിൽ റേസ് വിശദമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പുതിയ രൂപത്തിൽ കാണുന്ന അമ്യൂസ്മെന്റ് പാർക്കുകൾക്ക് ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമപ്രകാരം ടാക്സ് കൊടുക്കാൻ പറ്റാത്ത ഒരു സാഹചര്യം ഉണ്ടായി. അതുകാരണം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 20-8-2003-ൽ റിട്ട് ജസ്റ്റിസ് ജവഹർലാൽഗുപ്ത അതുപോലെ ജസ്റ്റിസ് എ. കെ. ബഷീറും സംയുക്തമായി ഒരു വിധി പുറപ്പെടുവിച്ചു. ആ വിധിയുടെ അടിസ്ഥാനത്തിൽ നമുക്ക് 1961-ലെ ബില്ലിലെ 2-ാം വകുപ്പിലും 4-ാം ഉപവകുപ്പിന്റെ അടിസ്ഥാനത്തിലും ടാക്സ് പുനഃസ്ഥാപിക്കാൻ പറ്റാതെ വന്നു. എന്നാൽ അവിടുത്തെ സ്ഥിതിയെന്താണ്? അസ്സോസ്മെന്റ് പാർക്ക് ഉടമ ടാക്സ് കൊടുക്കാൻ തയ്യാറായി, പഞ്ചായത്തിനും വ്യക്തമായ ധാരണയുണ്ട്. പക്ഷേ, കോടതി വിധിയുടെ പേരിൽ ടാക്സ് പിരിക്കാൻ സാധിക്കാതെവന്നു. അസ്സോസ്മെന്റ് പാർക്കിന്റെ ഉടമ ടാക്സ് കൊടുക്കാൻ തയ്യാറായിരുന്നു. പക്ഷേ പഞ്ചായത്ത് ടാക്സ് കളക്ട് ചെയ്യുന്ന കാര്യത്തിനും ധാരണ ഉണ്ടായിട്ടുണ്ട്. പക്ഷെ കോടതി വിധിയുള്ളതുകൊണ്ട് പിരിക്കാൻ പറ്റാതെ വന്ന സാഹചര്യത്തിനാണ് ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഇത് നേരത്തെ സൂചിപ്പിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ഈ ഗവൺമെന്റിന്റെ ആത്മാർത്ഥമായ നിലപാടിന്റെ ഭാഗമാണ്; മറിച്ചല്ല. ഇവിടെ ഒരു കാര്യം ശ്രീ. സാജു പോൾ സംസാരിച്ചപ്പോൾ പറയുകയുണ്ടായി, ഇത് പഞ്ചായത്തുകൾക്ക് പിൽക്കാല പ്രാബല്യത്തോടുകൂടി ടാക്സ് കിട്ടാനുള്ള സൗകര്യം ഉണ്ടാകണം എന്ന് പറയുകയുണ്ടായി. എന്നാൽ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടത് ഈ നിയമത്തിൽ 1999 മുതൽ ടാക്സ് പിരിക്കാനുള്ള മുൻകാല പ്രാബല്യത്തോടുകൂടി കുടിശ്ശികസഹിതം കിട്ടാനുള്ള വ്യവസ്ഥയുണ്ട്. എന്നാൽ നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം ഇതിനകത്ത് 1-ാം വകുപ്പിൽ നിങ്ങളുടെ ഭാഗത്തുനിന്ന് കുറേ ഭേദഗതി കൊടുത്തിട്ടുണ്ട്. ശ്രീ. കെ. വി. രാജേന്ദ്രന്റെ ഭേദഗതി ക്ലാസ് 1 സെക്ഷൻ 2. "The figures 1999 shall be substituted by the figures 2005". ഗവൺമെന്റ് പിൽക്കാല പ്രാബല്യത്തോടുകൂടി ടാക്സ് പിരിക്കാൻ നിയമം കൊണ്ടുവന്നപ്പോൾ 2005 മുതൽ മാത്രമേ പിരിക്കാവൂ എന്നാണ് ഭേദഗതി. അതിൽ എം. വി. ജയരാജന്റെ ഭേദഗതിയുണ്ട്. "It shall come into force as notified in the gazette". ഗസറ്റിൽ വരുന്ന മുറയ്ക്കേ പാടുള്ളൂ എന്നാണ് ശ്രീ. എം. വി. ജയരാജന്റെ ഭേദഗതി. അതുപോലെ ശ്രീ. പ്രകാശൻ മാസ്റ്ററുടെ ഭേദഗതിയുണ്ട്. അതിൽ അവരുടെ ആത്മാർത്ഥത ഇക്കാര്യത്തിൽ മനസ്സിലാക്കാം. കാരണം, അവർ പറഞ്ഞിനിക്കടവിൽ അസ്സോസ്മെന്റ് പാർക്ക് തുടങ്ങാൻ പോകുകയാണ്. ആ ആത്മാർത്ഥത എനിക്ക് മനസ്സിലാകും. 1999 മുതൽ പഞ്ചായത്തുകൾക്ക് ടാക്സ് പിൽക്കാല പ്രാബല്യത്തോടുകൂടി കിട്ടാൻവേണ്ടി നിയമഭേദഗതി കൊണ്ടുവരുന്നു. ഭേദഗതിക്ക് ബദലായി നിങ്ങൾ കൊടുത്തിട്ടുള്ള ഭേദഗതിയെന്താണ്; 2005 മുതൽ മാത്രമേ പിരിക്കാൻ പാടുള്ളൂ. മറ്റൊരു ഭേദഗതി ഗസറ്റിൽ വരുന്ന മുറയ്ക്കേ പാടുള്ളൂ. ആരെ സഹായിക്കാനാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സാജു പോൾ അത് വായിച്ചുനോക്കിയില്ലേ? എങ്കിലും നിങ്ങൾ മനസ്സിലാക്കേണ്ടത് എല്ലാ കാര്യത്തിനും ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന നിങ്ങൾ ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ വേണ്ടി.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: ബഹുമാനപ്പെട്ട അംഗം ശ്രീ. ബാബു ഇവിടെ പറയുന്നത് മാർക്സിസ്റ്റ് പാർട്ടി പാർക്ക് തുടങ്ങുന്നു, മാർക്സിസ്റ്റ് പാർട്ടി പാർക്ക് തുടങ്ങുന്നു എന്ന്. മാർക്സിസ്റ്റ് പാർട്ടി ഒരു പാർക്കും തുടങ്ങുന്നില്ല. സഹകരണസംഘമാണ് ഈ സംരംഭം നടത്തുന്നത്. എന്നാൽ ശ്രീ. ബാബു പറയുന്നതിന്റെ ഉദ്ദേശം എന്താണെന്നുള്ളത് വ്യക്തമാണ്. ശ്രീ. എം. വി. രാഘവൻ പരിയാരത്ത് സഹകരണ മെഡിക്കൽ കോളേജ് നടത്തുന്നതുപോലെയാണ് ഞങ്ങൾ സഹകരണസംഘം നടത്തുന്നത് എന്നുള്ള തോന്നലിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. പൂർണ്ണമായും സഹകരണ നിയമപ്രകാരം ഒരു സംഘമാണ് ആ പാർക്ക് നടത്തുന്നത് എന്നുള്ള കാര്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുമോ?

ശ്രീ. തന്നാനൂർ രവി: ബഹുമാനപ്പെട്ട ബാബു, ശ്രീ. ജയരാജൻ പറഞ്ഞതുപോലൊന്നും മാർക്സിസ്റ്റ് പാർട്ടി നേരിട്ട് നടത്തുകയല്ല. എല്ലാം സഹകരണ അടിസ്ഥാനത്തിൽ മാത്രം നടത്തിയെന്നുള്ള കാര്യം നിങ്ങൾക്ക് അറിവുള്ള കാര്യമാണല്ലോ?

ശ്രീ. കെ. ബാബു: ശ്രീ. തന്നാനൂർ രവി പറഞ്ഞത് സത്യമാണ്. പക്ഷേ, ഞാൻ മാർക്സിസ്റ്റ് പാർട്ടിയെന്നു പറഞ്ഞില്ല. നിങ്ങൾ എന്നു മാത്രമേ പറഞ്ഞുള്ളൂ. നിങ്ങൾക്കത് മനസ്സിലായി. കാരണം, നിങ്ങൾ അത് നടത്തുന്നുണ്ട്. നിങ്ങൾ സഹകരണസംഘം എന്നുള്ള മറ ഉപയോഗിച്ച് നടത്തുകയാണ്. ഞാൻ ഒരു കാര്യം ചോദിച്ചോട്ടെ, നിങ്ങളുടെ പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പറാണ് ഈ പാർക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രൊമോട്ടർ. ഇപ്പോൾ സെക്രട്ടേറിയറ്റിൽ വന്നിട്ടുള്ള നമ്മുടെ പ്രതിപക്ഷ നേതാവിനെ പത്രങ്ങളൊക്കെ പറഞ്ഞത് വെട്ടിനിരത്തിയെന്നാണ്. അദ്ദേഹത്തിനെ വെട്ടിനിരത്തി നിങ്ങൾ സെക്രട്ടേറിയറ്റിൽ കൊണ്ടുവന്നിട്ടുള്ള പുതിയ മെമ്പർ, ജയരാജൻ, കേന്ദ്ര കമ്മിറ്റി അംഗം, അദ്ദേഹമാണ് ഇതിന്റെ പ്രൊമോട്ടർ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ: കാര്യങ്ങൾ പഠിച്ചതിനുശേഷം അവതരിപ്പിക്കുക, അതല്ലെങ്കിൽ പറയാതിരിക്കുക. ശ്രീ. രവി പറഞ്ഞതിനകത്ത് ഒരു കാര്യമുണ്ട്, ഞങ്ങൾ സഹകരണ പ്രസ്ഥാനം ഉണ്ടാക്കി ഒരു സ്ഥാപനം നടത്തുകയാണ്. നിങ്ങൾ നേരിട്ട് നടത്തുകയാണ്. നടത്തി നടത്തിയാണല്ലോ വീക്ഷണം നടത്തിയത്. അതാണല്ലോ ലോകത്തിന് മാതൃക. ഞങ്ങൾ സഹകരണ പ്രസ്ഥാനംവഴി നടത്തി ഇങ്ങനെ നിൽക്കുന്നതിൽ നിങ്ങൾക്ക് അസൂയ. വീക്ഷണത്തിന്റെ മാതൃകയിൽ കാര്യങ്ങൾ ഏറ്റെടുത്ത് മറ്റുള്ളവർ നടത്തണമെന്നാണ് പറയുന്നത്.

ശ്രീ. കെ. ബാബു: ഞങ്ങൾ കുലുക്കുമ്പോൾ കോടികൾ കിട്ടില്ല. എന്നുമാത്രമല്ല, ഞങ്ങൾ നിങ്ങളെപ്പോലെ ബ്ലാക്ക് വൈറ്റാക്കാൻ നടക്കുന്ന പാർട്ടിയേയല്ല. നമുക്കറിഞ്ഞുകൂടേ, ബ്ലാക്ക് വൈറ്റാക്കിയിട്ട് വരുന്നോലെയുള്ള പരിപാടിയൊന്നും ഞങ്ങൾക്കില്ല. നിങ്ങൾ ഭരണത്തിൽ വരുമ്പോഴല്ലാതെ കുലുക്കിക്കുത്തൽ ഇല്ലല്ലോ;

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായിട്ടും ഞാനൊരു കാര്യം പറയാം, പ്രതിപക്ഷ നേതാവ് നിങ്ങൾ പറയുന്ന സൊസൈറ്റി അടിസ്ഥാനത്തിലുള്ള വ്യവസായത്തോട് ആത്മാർത്ഥമായി യോജിക്കുമെന്ന് തോന്നുന്നില്ല. കാരണം, അദ്ദേഹത്തിന് നിങ്ങളേക്കാൾ കുറച്ചുകൂടി ആത്മാർത്ഥതയുണ്ട്, എന്നാണ് ഞാൻ കരുതുന്നത്. നിങ്ങളുടെ തന്നെ കോർപ്പറേറ്റ് മാനേജ്മെന്റാണ്.

ശ്രീ. കെ. കെ. ഷാജു: കോർപ്പറേറ്റ് മാനേജ്മെന്റെന്നു പറയുന്ന അതിന്റെ എം. ഡി. ആരാണെന്നു പറയാമോ? .....(ബഹളം).....

ശ്രീ. കെ. ബാബു: അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ശ്രീമതി ഗൗരിയമ്മയോട് ചോദിക്കേണ്ട. ശ്രീമതി ഗൗരിയമ്മ എത്ര പ്രാവശ്യം എം.എൽ.എ. ആയി, മന്ത്രിയായി ഒരു ആക്ഷേപവും വന്നിട്ടില്ലല്ലോ; ഇപ്പോൾ രണ്ടുകൊല്ലം മന്ത്രിയായ ആളുകൾ ചെയ്തുകൂട്ടിയതിനെക്കുറച്ചല്ലേ കേരളം മുഴുവൻ പർച്ച. കുന്നത്തുനാട് പഞ്ചായത്തും അതുപോലെ റീഗാലാന്റ് ഉടമയും വ്യക്തമായ ധാരണയുണ്ടാക്കി ശ്രീ. സാജുപോൾ തന്നെ പറഞ്ഞു. പഞ്ചായത്തിലെ ഭരണ പ്രതിപക്ഷ അംഗങ്ങൾ ഒന്നടങ്കം നിവേദനം കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് വന്നത്. റീഗാലാന്റിനെക്കുറിച്ച് പറയുമ്പോൾ തെറ്റിദ്ധാരണ വേണ്ട. ഞങ്ങളുമായിട്ട് വലിയ ബന്ധമുള്ള ആളൊന്നുമല്ല. അത് ഉദ്ഘാടനം ചെയ്യിക്കാൻ വച്ചിരുന്നത് ദിവംഗതനായ മുൻ മുഖ്യമന്ത്രി നായനാരെ ആയിരുന്നു. അദ്ദേഹത്തിനു പകരം ഉദ്ഘാടനം ചെയ്തത് ശ്രീ. ശിവദാസമേനോനായിരുന്നു. കേരളത്തിലെ പല പാർക്കുകളും പ്രതിവർഷം ഏറ്റവും കൂടുതൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളാണ്. കെട്ടിടനികുതിയായാലും എങ്ങനെയായാലും. ഇപ്പോൾത്തന്നെ പ്രതിവർഷം അടയ്ക്കുന്നത് അഞ്ച് ലക്ഷത്തോളം രൂപയാണ്. ഇങ്ങനെ വളരെക്കൂടുതൽ നികുതിയടയ്ക്കുന്ന അമ്യൂസ്മെന്റ് പാർക്കുകളും മാക്സിമം അടയ്ക്കുന്നത് അഞ്ച് ലക്ഷമാണ്. ഈ നിയമം പാസ്സാക്കുന്നതോടുകൂടി പഞ്ചായത്തിന് കൂടുതൽ പണം കിട്ടാനുള്ള സാധ്യതകളുണ്ടാകും. അതുപോലെ കെട്ടിടനികുതിയിനത്തിലും മറ്റ് നിരയിലും ധാരാളം തൊഴിലവസരങ്ങൾ ഉള്ളതാണ് അമ്യൂസ്മെന്റ് പാർക്കുകൾ. അതുകൊണ്ട് ഇൻഡ്യയുടെ പല സ്റ്റേറ്റുകളും അമ്യൂസ്മെന്റ് പാർക്കുകൾക്ക് പൂർണ്ണമായും താൽക്കാലികമായും നികുതിയിളവുകൾ കൊടുത്തിട്ടുണ്ട്. ഉദാഹരണത്തിന്, ഗുജറാത്ത് ഗവൺമെന്റ് അമ്യൂസ്മെന്റ് പാർക്കുകൾക്ക് ആറ് വർഷത്തേക്ക് നികുതിയിളവ് കൊടുത്തിട്ടുണ്ട്. മഹാരാഷ്ട്രയിൽ മൂന്ന് വർഷം പൂർണ്ണമായും പിന്നീടുള്ള രണ്ടു വർഷം 50% നികുതിയിളവ് കൊടുത്തിട്ടുണ്ട്. കർണ്ണാടകയിൽ 250 രൂപവരെയുള്ള ടിക്കറ്റുകൾക്ക് നികുതി ബാധകമല്ല. കൂടാതെ യു.പി., രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ നികുതിയിളവുണ്ട്. അമ്യൂസ്മെന്റ് പാർക്കുകൾ ഇന്നിപ്പോൾ ഡൊമസ്റ്റിക് ടൂറിസം എറ്റവും കൂടുതൽ പ്രോൽസാഹിപ്പിക്കുന്ന മേഖലയായി വളർന്നുകഴിഞ്ഞിട്ടുണ്ട്. കുന്നത്തുനാട് പഞ്ചായത്തിലെ റീഗാലാന്റ് അവിടെ വരുന്ന 20. 25% ആളുകൾ കേരളത്തിന് പുറത്തുനിന്നുള്ള ആളുകളാണ്. പരശ്ശിനിക്കടവിലെ അമ്യൂസ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പാർക്കുകൂടി പൂർത്തിയാകുമ്പോൾ കർണ്ണാടകത്തിൽനിന്ന് ധാരാളം ആളുകൾ അങ്ങോട്ട് വരാനുള്ള സാധ്യതയുണ്ട്. അമ്യൂസ്മെന്റ് പാർക്കുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്ന വിധത്തിൽ നിലവിൽ പാർക്കുകളുള്ള പ്രദേശങ്ങളിൽ പഞ്ചായത്തുകളുമായി കൂടിയാലോചിച്ച് അവർ സംയുക്തമായി നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് നികുതിഘടനയിൽ സ്ളാബ് സമ്പ്രദായം ഏർപ്പെടുത്തിയത്. ഞാൻ ആ പട്ടിക വിശദീകരിക്കുന്നില്ല. തീർച്ചയായും അമ്യൂസ്മെന്റ് പാർക്കുകളെ പ്രോൽസാഹിപ്പിക്കുന്നതിനും പഞ്ചായത്തുകൾക്ക് നികുതി ലഭിക്കുന്നതിനുമുള്ള സാധ്യത ഒരുക്കുകയും ചെയ്യുന്ന ഒരു നിയമമാണ് ഇത്. ഈ ബിൽ ഓർഡിനൻസിലൂടെ നിയമമായി കൊണ്ടുവരികയും ഇപ്പോൾ നിയമം പാസ്സാക്കുന്നതിനുവേണ്ടി അവതരിപ്പിക്കുകയും ചെയ്ത ഗവൺമെന്റിനെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെയും ഞാൻ ആത്മാർത്ഥമായി അനുമോദിക്കുന്നു.

ശ്രീ. പി. സി. ജോർജ് : 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർട്ടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ആദ്യമായി ഡിബേയുള്ള ഒരു ബിൽകൂടി ഇനി ചർച്ചചെയ്യണം. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയിട്ടാണ് ഇതൊക്കെ എന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ, അഡ്വൈസറി കമ്മിറ്റി സഭ്യംകൂടി നീതിബോധത്തോടെ കൂടണം എന്നുള്ള അഭിപ്രായം എനിക്കുണ്ട്. അഞ്ചാം തീയതി വരെ സഭ നീട്ടിക്കൊണ്ട് കത്ത് കിട്ടിക്കഴിഞ്ഞു. വെറുതെ നിയമം ഉണ്ടാക്കിയാൽ മതിയോ, ചർച്ച വേണ്ടേ? ഒരു മര്യാദ വേണ്ടേ? ഇതുകഴിഞ്ഞ് ഒരു പ്രമേയംകൂടിയുണ്ട്. ഇത് എന്ത് ഇടപാടാണ്? അങ്ങ് പെയറിലിരിക്കുന്ന സമയത്തെങ്കിലും നേരത്തെ സഭ പിരിയണം, നാളെ രാവിലെ 8.30-ന് കൂടണം.

മി. പെയർമാൻ : ഇതുവരെ പാസ്സാക്കിയ ബില്ലുകൾ ചർച്ച നടത്തിയല്ലേ പാസ്സാക്കിയത്. ഇപ്പോഴും ചർച്ച നടക്കുകയല്ലേ. സമയം കടന്നുപോയത് പരിഗണിച്ച് അങ്ങ് ദീർഘിപ്പിക്കാതിരുന്നാൽ മതി.

ശ്രീ. പി. സി. ജോർജ് : ഒരു മന്ത്രി മാഗ്നാകാർട്ട കഴിഞ്ഞ് അങ്ങേർ അങ്ങേരുടെ വഴിക്ക് പോയി. അടുത്ത മന്ത്രി അടുത്ത മാഗ്നാകാർട്ടയുമായി വന്നിരിക്കയാണ്.

മി. പെയർമാൻ : അങ്ങേക്ക് കിട്ടിയ സമയം നഷ്ടപ്പെടുത്താതെ, അങ്ങ് സംസാരിക്കുക.

ശ്രീ. പി. സി. ജോർജ് : എനിക്കൊരു ബുദ്ധിമുട്ടുമില്ല. എനിക്ക് സ്വസ്ഥമായി പത്ത് മിനിട്ട് കിട്ടണം അതാണ് പ്രശ്നം. മന്ത്രിമാർ ഓരോ മാഗ്നാകാർട്ടയുമായി വരികയാണ്. അതുകഴിഞ്ഞ് സ്ഥലം വിടുകയാണ്. ഇതൊക്കെ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിക്കണം. അതൊന്ന് ആലോചിക്കേണ്ടേ? ബി.എ.സി.-യുടെ തീരുമാനത്തോടുള്ള അഭിപ്രായവ്യത്യാസം എവിടെങ്കിലും ഒന്ന് പറയണ്ടേ? എന്റെ ശക്തമായ പ്രതിഷേധം ഞാൻ പറയുകയാണ്. ആരെങ്കിലും പറയണ്ടേ? എന്ത് ഇടപാടാണ് ഇത്? രണ്ട് പ്രമേയങ്ങൾ വരാൻപോകുകയാണ്. സമയം എവിടെപ്പോയി നിൽക്കും. അതുകൊണ്ട് കൈയിൽ കിട്ടിയവർക്കിട്ട് പെരുമാറുന്നു എന്നേയുള്ളൂ. അങ്ങ് ക്ഷമിക്കണം. ഈ നിയമം എന്റെ അഭിപ്രായത്തിൽ ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെപ്പോലെ ഒരു മന്ത്രി ഈ സഭയിൽ അവതരിപ്പിക്കാൻ പാടില്ല. എന്റെ അഭിപ്രായം അതാണ്. അങ്ങയോട് എനിക്ക് വളരെ വിനീതമായ ഒരു അപേക്ഷയുണ്ട്. ഈ നിയമം എന്റെ മനഃസാക്ഷിക്ക് അനുസരിച്ചാണ് സഭയിൽ കൊണ്ടുവന്നിരിക്കുന്നത് എന്ന് ആദ്യം പറഞ്ഞാൽ നിയമത്തെ ഞാൻ അനുകൂലിക്കാൻ തയ്യാറാണ്. കാരണം, ഈ ഇരിക്കുന്ന മന്ത്രിമാരിൽ നീതിയുടെ പര്യായമായി ഞാൻ കാണുന്ന മന്ത്രിയാണ് ശ്രീ. കുട്ടി അഹമ്മദ് കുട്ടി. ഇത്രയും സത്യസന്ധനായ യാതൊരു തെറ്റും ചെയ്യാത്ത നീതിബോധമുള്ളവനാണ് അദ്ദേഹം. അങ്ങയുടെ മനഃസാക്ഷിക്ക് അനുസരിച്ചാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ അത് പറയണം. അദ്ദേഹത്തിന്റെ ബുദ്ധിമുട്ടുകളൊക്കെ എനിക്കറിയാം. അദ്ദേഹത്തെ ഈ കുരിശിൽ കയറ്റേണ്ട വല്ല കാര്യവുമുണ്ടോ യു.ഡി.എഫ്. സർക്കാരിന്? നിങ്ങൾക്ക് പറ്റിയ ആളേയല്ല ശ്രീ. കുട്ടി അഹമ്മദ് കുട്ടി എന്ന അഭിപ്രായമാണെനിക്ക്. ഈ ബില്ലുകൊണ്ട് സംസ്ഥാനത്തിന് ലാഭമുണ്ടാകുമോ നഷ്ടമുണ്ടാകുമോ? അതാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഇവിടെ കൊണ്ടുവരുന്ന ഏത് നിയമം എടുത്ത് പരിശോധിച്ചാലും ജനങ്ങൾക്ക് ഉപകാരപ്രദമായ എന്തു കാര്യമാണ് ഇതിലുള്ളതെന്നാണ് ചർച്ച ചെയ്യപ്പെടേണ്ട പ്രശ്നം. നേരത്തെ ഒരു മാഗ്നാകാർട്ട പറഞ്ഞത് എന്താണ്? ഉള്ള തടി മുഴുവൻ വെട്ടി നശിപ്പിക്കുക. എനിക്ക് സംസാരിക്കാൻ സമയം കിട്ടിയില്ല. ഇപ്പോൾ ഒരു മാഗ്നാകാർട്ട വന്നിരിക്കുന്നു. ഇവിടെ പറഞ്ഞല്ലോ, കുന്നത്തുനാട് പഞ്ചായത്തിന് 1999-മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് അഞ്ചു പൈസ കിട്ടിയിട്ടില്ല അത് മനസ്സിലാക്കണം.

ശ്രീ. ടി. എം. ജേക്കബ് : ജോർജ് മാഗ്നാകാർട്ട എന്ന് പറയുന്നത് പേടിക്കേണ്ട. ചുമ്മാതെ പറയുന്നതാണ്.

ശ്രീ. പി. സി. ജോർജ് : മാണിക്കും ജേക്കബിനും അങ്ങോട്ടുമിങ്ങോട്ടും സ്നേഹം. നിഘണ്ടുവിലെ സ്നേഹത്തിന്റെ അർത്ഥം മാറിപ്പോയി. ഞാൻ അതിലേക്ക് കടക്കുന്നില്ല. മാണിക്കും ജേക്കബിനും അങ്ങോട്ടുമിങ്ങോട്ടും സ്നേഹമാണെന്ന് പറഞ്ഞാൽ ആ സ്നേഹത്തിന്റെ അർത്ഥം നിഘണ്ടുവിൽനിന്ന് മാറണം.

മി. ചെയർമാൻ : അങ്ങയുടെ സ്നേഹവും അറിയാമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : എനിക്ക് മാണിയോട് സ്നേഹമാണെന്നു പറഞ്ഞാൽ ഇപ്പോഴത്തെ നിഘണ്ടുവിലെ അർത്ഥം മാറുകയാണ്. ഒരു സംശയവുമില്ല. എനിക്ക് കള്ളം പറയാൻ പറ്റില്ല. ജേക്കബുമായി സ്നേഹമാണെന്നു പറഞ്ഞാൽ സത്യമാണ്. ഞാനും ഡോക്ടറും തമ്മിൽ സ്നേഹമാണെന്ന് പറഞ്ഞാൽ ആർക്കാണ് സ്നേഹമുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ : മാണിയും ടി. എം. ജേക്കബും തമ്മിൽ പരസ്പരം സ്നേഹമാണെന്നു പറഞ്ഞ് പരസ്പരം ആക്ഷേപിക്കുന്നത് ശരിയല്ല. കാരണം 'ഞാൻ നിങ്ങൾക്ക് ഒരു കൽപ്പന തന്നിട്ടു പോകുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ' എന്നാണ് ക്രിസ്തുദേവൻ പറഞ്ഞിട്ടുള്ളത്. അത് അവർ നടപ്പിലാക്കുമ്പോൾ ജോർജ് അവരെ അനുകൂലിക്കുകയല്ലേ വേണ്ടത്?

ശ്രീ. പി. സി. ജോർജ് : യേശുക്രിസ്തു പറഞ്ഞതനുസരിച്ച് ജീവിച്ചാൽ ഈ ലോകത്ത് വല്ല കുഴപ്പവുമുണ്ടാകുമോ? പള്ളികളിൽ വരെ അടിയല്ലേ നടക്കുന്നത്? എന്നെക്കൊണ്ട് ഒന്നും പറയിപ്പിക്കരുത്.

ശ്രീ. കെ. ബാബു : മാണിസാറും ജേക്കബും തമ്മിൽ സ്നേഹിക്കുമ്പോൾ ജോർജ് സർഗ്ഗത്തിലെ കട്ടുറുമ്പുപോലെ വന്നുകൂടുന്നത് ശരിയാണോ?

ശ്രീ. പി. സി. ജോർജ് : ഞാൻ ഈ കാര്യത്തിൽ ഇടപെട്ടില്ല എന്ന് അങ്ങേക്ക് അറിയാം. അങ്ങേ ഇവിടെ ഇരുന്നതല്ലേ? നമ്മൾ മൂന്നുംകൂടി സ്നേഹിച്ചാൽ അദ്ദേഹത്തിന്റെ സ്നേഹം നിങ്ങളോടും പോകുമായിരുന്നു. അത് എനിക്കറിയാം. ഈ നിയമം പാസ്സാക്കിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് ലാഭം കിട്ടും? കാലാകാലങ്ങളിൽ നമ്മുടെ പ്രാദേശിക ഗവൺമെന്റുകളായി നമ്മൾ കരുതുന്ന അല്ലെങ്കിൽ അങ്ങനെ ആയിട്ടുള്ള നമ്മുടെ ത്രിതല പഞ്ചായത്തുകൾ ആ പഞ്ചായത്തുകൾക്ക് നമ്മുടെ വരുമാനത്തിന്റെ 40% കൊടുക്കണമെന്ന് തീരുമാനിച്ചെങ്കിലും നാളിതുവരെ 40% കൊടുക്കാൻ സാധിച്ചിട്ടില്ല. ഞങ്ങൾ ഭരിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ കൊടുത്തിരുന്നത് 39% ആയിരുന്നു. 40 തികഞ്ഞില്ല. ഇപ്പോൾ എത്രയുണ്ട്? കഴിഞ്ഞ ഒരു വർഷംകൊണ്ട് എത്ര കോടി രൂപ ഓരോ ത്രിതല പഞ്ചായത്തിലും നമുക്ക് നഷ്ടപ്പെടുത്തി. നിങ്ങളുടെ ഗവൺമെന്റാണ് ടാക്സ് ആയി കിട്ടാൻ പോകുന്ന പണം കൂടി വേണ്ടന്നു വയ്പിക്കുന്ന രീതിയിലുള്ള ഒരു നിയമവുമായി സഭയിലേക്ക് വന്നിരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട കുട്ടി അഹമ്മദ് കുട്ടിയേപ്പോലെ മാന്യനായ ഒരു വ്യക്തി ഇത് കൊണ്ടുവരരുതായിരുന്നു എന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്താനുള്ള കാര്യം. ഇവിടെ ശ്രീ. ബാബു പറഞ്ഞു, കുന്നത്തുനാട് പഞ്ചായത്തിൽ എല്ലാവരും കൂടി യോജിച്ച് ഒരു യോജിപ്പുണ്ടാക്കി.

LIBRARY ARCHIVES Kerala Legislative Assembly

നിയമപരമായി 8 കോടി രൂപ ആ പഞ്ചായത്തിലേക്ക് വരേണ്ടത് കൊടുക്കാൻ കഴിയാത്ത ആ മാനേജ്മെന്റ് എന്തു ചെയ്തു? ഒരു എഗ്രിമെന്റ് വച്ചു. 2 കോടി കുറച്ചുതന്നേക്കാമെന്ന്. വളരെ നിസ്സാരമല്ലേ സർ, 2 കോടി എന്നത്

5 P.M] നിസ്സാരം, അങ്ങനെ എഗ്രിമെന്റ് ഉണ്ടാക്കിയിരിക്കുന്നു. ശ്രീ. കെ. ബാബു പറഞ്ഞത് ശരിയാണെങ്കിൽ 2 കോടി രൂപ കുറയ്ക്കുമ്പോൾ ആ 2 കോടിയിൽ എത്ര ശതമാനം കിട്ടി ആ പഞ്ചായത്ത് മെമ്പർമാർക്ക് എന്ന് ചോദിക്കണം. എന്റെ അഭിപ്രായം അതാണ്. അത് ഏത് മുനിയുടെ പഞ്ചായത്തിലാണെങ്കിലും സാരമില്ല, ഏത് രാഷ്ട്രീയ പാർട്ടിയാണെങ്കിലും എനിക്ക് വിരോധമില്ല. എന്റെ അഭിപ്രായം അതാണ്. ഈ നിയമം പാസ്സായാൽ അതല്ലേ വരാൻ പോകുന്നത്. അതുകൊണ്ട് തദ്ദേശസ്ഥാപനങ്ങൾ അല്ലെങ്കിൽ പ്രാദേശിക ഗവണ്മെന്റുകൾക്ക് സാമ്പത്തികനഷ്ടം ഉണ്ടാക്കുന്ന ഒരു നിയമമാണ് ബഹുമാനപ്പെട്ട ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഞങ്ങൾക്ക് ഇതിനെ അനുകൂലിച്ചുകൊടുക്കാൻ പറ്റില്ല. അതുകൊണ്ടാണ് അഭിപ്രായവ്യത്യാസം രേഖപ്പെടുത്തുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇപ്പോൾ ഓർഡിനൻസ് ഇറക്കി. ഇത് നടപ്പാക്കിക്കഴിഞ്ഞാൽ, നടപ്പായി. നമ്മൾ ബിൽ ഇറിടെ പാസ്സാക്കുന്നു. ഇറിടെ നേരത്തെ ശ്രീ. കെ. ബാബു സൂചിപ്പിച്ചത്, ഞാൻ അറിയാൻവേണ്ടി ചോദിക്കുന്നതാണ്. ഇതുപ്രകാരം 1999 തൊട്ടുള്ളതു കണക്കാക്കിയാൽ ഇത്രയും വർഷത്തിനുള്ളിൽ അവർ നേരത്തേയുള്ള നിയമങ്ങൾ അനുസരിച്ച് പഞ്ചായത്തിന് കൊടുക്കേണ്ടതായ നികുതി കണക്കാക്കിയാൽ എത്ര കോടി രൂപ വരുമായിരുന്നു? അതൊന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, അല്ല, വീഗാലാന്റിന്റെ ഓണർ അങ്ങനെ എല്ലാ രാഷ്ട്രീയക്കാരെയും കണ്ട് നല്ലവണ്ണം വർത്തമാനം പറഞ്ഞു. അദ്ദേഹം 8 കോടി രൂപ കൊടുക്കണം. അത് 6 കോടിയാക്കുന്നതിന്റെ ഭാഗമാണ് ഈ ബിൽ. മനസ്സിലായില്ലേ.....എന്തു കഷ്ടകാലമാണിത്. ഒരു പ്രാദേശിക ഗവൺമെന്റിന് കിട്ടേണ്ട പണം ഇല്ലാതാക്കുന്നതിനുവേണ്ടി ഒരു നിയമം കൊണ്ടുവരുന്ന സംസ്ഥാന ഗവൺമെന്റ്, ആ സംസ്ഥാന ഗവൺമെന്റിന് കൈ പൊക്കിക്കൊടുക്കാൻ ഈ സഭയിലെ അംഗങ്ങളായ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ തയ്യാറാകണമെന്നോ? എനിക്ക് യോജിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. സർ, ഇവിടെ സ്ലാബ് സിസ്റ്റം ഏർപ്പെടുത്തിയിരിക്കുന്നു. ഞാൻ ഈ സ്ലാബ് സിസ്റ്റം വായിച്ചുനോക്കി. ഈ സ്ലാബ് സിസ്റ്റം അനുസരിച്ച് ഇത് വെരിഫൈ ചെയ്യാനാണ് സ്ലാബ് ഏർപ്പെടുത്തൽ. അതിനകത്ത് പറഞ്ഞിട്ടുണ്ട്, Secretary to Local Self Government അതുപോലെതന്നെ എക്സൈസ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, ടൂറിസം സെക്രട്ടറി, മേയർ, മുനിസിപ്പൽ ചെയർപേഴ്സൺ, പ്രസിഡന്റ് - ഗ്രാമപഞ്ചായത്ത്, ചീഫ് ടൗൺ പ്ലാനർ ഇവർ എല്ലാവരുംകൂടി ഒരുമിച്ച് ചേർന്നിട്ട് എപ്പോൾ നടത്താനാണ്? ഞാൻ ചോദിക്കട്ടെ, ഏതെങ്കിലും ഒരു സ്ഥലത്തല്ലേ ഇത്

LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കുന്നത്. ആ ജില്ലയിലെ കളക്ടറെ ഈ കമ്മിറ്റിയിൽ സാമാന്യ മര്യാദയ്ക്ക് ഉൾപ്പെടുത്താൻ പാടില്ലേ? ആ കളക്ടറെ ഉൾപ്പെടുത്തുകയാണെങ്കിൽ സ്വാഭാവികമായും റവന്യൂവുമായി ബന്ധപ്പെട്ട് ഒരു ഉദ്യോഗസ്ഥൻ ജില്ലയുടെ അധിപൻ എന്ന നിലയിൽ വളരെ സത്യസന്ധമായി കാര്യങ്ങൾ ചെയ്യാൻ എളുപ്പമുണ്ടാകില്ലേ? എന്തുകൊണ്ട് ഗവൺമെന്റ് ആ കമ്മിറ്റിയിൽ ജില്ലാ കളക്ടറെ ഉൾപ്പെടുത്താൻ മറന്നുപോയി. എനിക്ക് സംശയമാണ്.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി *(ശ്രീ.ഡൊമിനിക് പ്രസന്റേഷൻ):* ഉള്ളിൽ ശ്രീ. പി. സി. ജോർജിന് മാണി സാറിനോട് സ്നേഹം ഉണ്ടെന്ന് ഇപ്പോൾ പിടികിട്ടി. പക്ഷേ, കളക്ടർമാരെ സ്വാധീനിക്കുന്നത് റവന്യൂ മിനിസ്റ്ററാണ്. അപ്പോൾ കളക്ടർമാർ വന്നാൽ മാണി സാർ സ്വാധീനിക്കില്ല എന്ന് ശ്രീ. പി.സി. ജോർജിന് ഉറപ്പാക്കാൻ പറ്റുമോ?

ശ്രീ. പി. സി. ജോർജ്: ശ്രീ. ഡൊമിനിക്കിനെപോലെ ഒരു മന്ത്രിയാണോ ഇത് ചോദിക്കുന്നത്. ഏത് മന്ത്രിമാർ വിചാരിച്ചാലും **കുറേ കളക്ടർമാരെ സ്വാധീനിക്കാം. കുറെ** ഐ.എ.എസു-കാരെ പിടിച്ച് കളക്ടർമാരായി വച്ചാൽ; ഇത് ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ മനസ്സിലാക്കണം. .....(ബഹളം).....

എന്റെ ബാബൂ, ഇങ്ങനെ തുടങ്ങിയാലോ .....ഞാൻ ഒരു വൃത്തികേടും പറയുന്നില്ലല്ലോ?

ശ്രീ. കെ. ബാബു: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ .....ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, മനപ്പൂർവ്വം ആയിരിക്കില്ല, എന്നാലും കളക്ടർമാരെ **കളക്ടർമാർ എന്ന് പറഞ്ഞു. അത് യഥാർത്ഥത്തിൽ..... ആ പ്രയോഗം ശരിയല്ല.....

ശ്രീ. പി. സി. ജോർജ്: എന്ന് ഞാൻ പറഞ്ഞില്ല.** കളക്ടർമാർ ഉണ്ടായാൽ ഈ മന്ത്രിമാർ പറയുന്ന വിവരക്കേട് മുഴുവൻ കേൾക്കും. അല്ലെങ്കിൽ മന്ത്രിമാർ പറയുന്ന.....(ബഹളം).....

മി. ചെയർമാൻ: അത് രേഖ പരിശോധിച്ചിട്ട് നമുക്ക് തീരുമാനിക്കാം.

ശ്രീ. പി. സി. ജോർജ്: ശ്രീ. ബാബു ഇങ്ങനെയൊക്കെ തുടങ്ങിയാലോ? അല്ലെങ്കിലും ഇതിനകത്തെ പ്രധാനപ്പെട്ട കാര്യം എന്താണ്? ബഹുമാന്യനായ മന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതിന്റെ അർത്ഥം എന്താണ്? ജില്ലാ കളക്ടർമാരെ ഗവണ്മെന്റ് സ്വാധീനിക്കുന്നു എന്നല്ലേ മന്ത്രിയായ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞതിന് അർത്ഥം. അപ്പോൾ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ എറണാകുളം ജില്ലാകളക്ടറെ സഹിതമായി സ്വാധീനിക്കുന്നുണ്ടോ? ഈ ജില്ലയിലെ കളക്ടർമാരെ സ്വാധീനിക്കുന്നുണ്ടോ? നിയമവിരുദ്ധമായ കാര്യങ്ങൾ അവരെക്കൊണ്ട് നിങ്ങൾ ചെയ്യിക്കുന്നുണ്ടോ? സത്യം പറയണം. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഒരു

**[സഭാദ്ധ്യക്ഷന്റെ ഉത്തരവു പ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു (പത്രക്കുറിപ്പ് നമ്പർ 457/ LB 05/ Leg. dated 28-7-2005).]

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയല്ലേ? സ്വാധീനിക്കുമെന്ന് അദ്ദേഹം പറഞ്ഞിട്ട്, ഈ ഗവണ്മെന്റ് കളക്ടർമാരെ സ്വാധീനിക്കുന്നു എന്ന സത്യം ഈ സഭയിൽ ഒരു മന്ത്രി തന്നെ സമ്മതിച്ചതിൽ എനിക്ക് അഭിമാനമുണ്ട്. അങ്ങയുടെ സത്യസന്ധതയെ അംഗീകരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചതാണ്. .....എന്റെ ഒരു സംശയം തീർത്തുതരണം. ഒരു ആൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരംഗത്തിന് സഭാനടപടി ചട്ടമനുസരിച്ച് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം. ഞാൻ ഒരു കന്നിക്കാരനാണ്. നടപടി ചട്ടത്തിൽ വലിയ ധാരണയില്ലാത്തതുകൊണ്ട് സംശയദൂരീകരണത്തിനാണ് ഞാൻ എഴുന്നേറ്റത്. അങ്ങനെ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അതിന്റെ നമ്പർ ഞാൻ ആദ്യം പറഞ്ഞിട്ടുവേണ്ടേ സംസാരിച്ച് തുടങ്ങാൻ. അതോ ഏതെങ്കിലും ഒരു അംഗത്തിന്റെ പ്രസംഗത്തിലിടപെട്ട് ഇടക്കോലിടണമെന്നുണ്ടെങ്കിൽ ഒരു പോയിന്റ് ഓഫ് ഓർഡർ പറഞ്ഞ് എഴുന്നേൽക്കുന്ന രീതി ശരിയാണോ? പോയിന്റ് ഇന്ന സെക്ഷൻപ്രകാരം എന്നു പറഞ്ഞിട്ട് വേണ്ടേ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ].

ബഹുമാനപ്പെട്ട സ്പീക്കർ എത്തിയല്ലോ, ഇതിന് പേരിൽനിന്നും റൂളിംഗ് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. .....(ബഹളം).....ഒരു ആൾ സംസാരിച്ചു കൊണ്ടുനിൽക്കുമ്പോൾ ഒരംഗത്തിന് എഴുന്നേറ്റുനിന്ന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാം.....(ബഹളം).....ആ പോയിന്റിന് ഒരു ക്ലോസ് പറയണ്ടേ? .....(ബഹളം).....എന്റെ പോയിന്റല്ല പറഞ്ഞത്. .....(ബഹളം) .....എന്റേത് ഹിയർ ചെയ്തിട്ട് അങ്ങു പറയണം. .....(ബഹളം).....അസഹിഷ്ണുത കാണിക്കാതെ സാറിന്റെ ഒരു റൂളിംഗ് വേണ്ടതാണ്.....(ബഹളം).....അങ്ങയുടെ റൂളിംഗിനുവേണ്ടിയാണ് ഞാനിത് ഉന്നയിച്ചത്. ഒരു അംഗം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ട് മറ്റൊരാൾ എഴുന്നേറ്റാൽ അയാൾ ഉന്നയിക്കുന്ന ക്ലോസ് പറയണ്ടേ?

മി. സ്പീക്കർ: പറയണം.

ശ്രീ. ടി. കെ. ദേവകുമാർ: പറയാതെ കയറി പ്രസംഗിക്കുന്നത് നടപടിക്രമമാണോ? അതിന് അങ്ങയുടെ ഒരു റൂളിംഗ് വേണം. ഇപ്പോൾ ആരെങ്കിലും പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ഒരു ആൾ പോയിന്റ് ഓഫ് ഓർഡർ എന്നുപറഞ്ഞ് എഴുന്നേൽക്കുക, എന്നിട്ട് ഇഷ്ടമുള്ളവർ സംസാരിക്കുക. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ് കണ്ടിന്യൂഡ്.....(ബഹളം).....

ശ്രീ. പി. സി. ജോർജ്: ശ്രീ. ടി. കെ. ദേവകുമാർ പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിച്ചത്. ഏതു റൂൾ ആണെന്ന് എനിക്കു മനസ്സിലായില്ല. .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

സ്പീക്കർ: അങ്ങ് തന്നെ പറയുന്നത് ശ്രദ്ധിച്ചു. നേരം വളരെ വൈകിയെന്ന്.....please co-operate.

ശ്രീ. പി. സി. ജോർജ്: ഞാൻ പറഞ്ഞുവന്നത് ശ്രീ. ടി. കെ. ദേവകുമാർ ഒരു പുതിയ അംഗമായതുകൊണ്ട് അദ്ദേഹത്തിന്റെ സബ്മിഷൻ തെറ്റായിപ്പോയില്ല. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ നിയമമായി കഴിയുമ്പോൾ സംസ്ഥാനത്തെ ത്രിതലപഞ്ചായത്തുകൾക്ക് എത്ര കോടി രൂപ നഷ്ടമുണ്ടാകുമെന്നതിനെപ്പറ്റി ഗവണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ? എന്റെ സംശയമതാണ്. ഒരു ഗവൺമെന്റ് എന്ന നിലയിൽ നമ്മുടെ നിയമസഭ നിയമം ഉണ്ടാക്കുമ്പോൾ നമ്മുടെ പ്രാദേശിക ഗവൺമെന്റുകൾക്ക് ഉണ്ടാകാൻ പോകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ? ഞാൻ നോക്കി. സത്യസന്ധമായി ഒരു നിയമം ഉണ്ടാക്കുകയാണെങ്കിൽ പ്രാദേശിക ഗവൺമെന്റുകൾക്ക് എത്ര കോടിരൂപയുടെ നഷ്ടം ഒരു വർഷത്തിൽ ഉണ്ടാകും? എങ്കിലും മറ്റ് ഏതെങ്കിലും കാര്യം പറഞ്ഞുകൊണ്ട് ഈ നിയമം അവതരിപ്പിച്ചിരിക്കുന്നു എന്നങ്ങ് പറഞ്ഞാൽ നമുക്ക് വിരോധമില്ല. നിങ്ങൾക്ക് ഭൂരിപക്ഷമുണ്ട്. നിങ്ങൾക്കിത് പാസ്സാക്കാം. കേരളത്തിലെ ജനങ്ങൾ സത്യം അറിയട്ടെ. ജനങ്ങളോട് നമുക്ക് സത്യം പറയാൻ കഴിയും. ഇതിപ്പോൾ സത്യം മറച്ചുവച്ചുകൊണ്ട് യഥാർത്ഥവസ്തുതകൾ എന്താണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താതെ, ഈ സഭയിൽ ഇരിക്കുന്ന അംഗങ്ങൾക്കുപോലും സത്യം എന്തെന്ന് മനസ്സിലാക്കാൻ ഉള്ള അവസരം കൊടുക്കാതെ, ഒരു നിയമം കൊണ്ടുവന്ന് പാസ്സാക്കുന്ന നടപടിയോടുള്ള ശക്തമായ എതിർപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഇവിടെ പുണ്ടിക്കാണിച്ചതുപോലെ പഞ്ചായത്തുകൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, നഷ്ടം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു ബില്ലല്ലിത്. ഇവിടെ ഞാൻ നേരത്തെ പറഞ്ഞതുപോലെ 2 ഉദ്ദേശങ്ങൾ സമന്വയിപ്പിച്ചുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചത്. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് തുടങ്ങിവച്ച ഒരു നടപടി, ഈ ഗവണ്മെന്റും തുടർന്നുപോയി. ഗവൺമെന്റുകൾ എല്ലാം തുടർച്ചയല്ലേ. അമ്യൂസ്മെന്റ് പാർക്കുപോലെയുള്ള വ്യവസായസ്ഥാപനങ്ങൾ അമിതമായ നികുതിയുടെ പേരിൽ ഇവിടെനിന്ന് ഒഴിഞ്ഞുപോകാൻ പാടില്ല. അതുകൊണ്ട് അമ്യൂസ്മെന്റ് പാർക്കുകൾക്ക് യാഥാർത്ഥ്യ ബോധത്തോടുകൂടിയ ഒരു നികുതി ഘടന ഉണ്ടാകണമെന്ന നിലയ്ക്ക് അതിനെക്കുറിച്ച് പഠിക്കാൻ ഗവൺമെന്റ് സെക്രട്ടറിമാരുടെ ഒരു കമ്മിറ്റി ഏർപ്പെടുത്തുകയുണ്ടായി. ഈ ഗവൺമെന്റ് വന്നപ്പോഴും ആ സെക്രട്ടറിമാരുടെ പഠനം തുടർന്നു. അങ്ങനെ നടത്തിയ പര്യാലോചനയുടെ അവസാനമാണ് ഈ ഓർഡിനൻസായി വന്നത്. ആ ഓർഡിനൻസ് ആണ് ഇവിടെ ബില്ലാക്കുന്നത്. അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള സ്ഥാപനങ്ങളെ ഇവിടെ വ്യവസായമായി കാണണം. അവ അമിതമായ

LIBRARY ARCHIVES Kerala Legislative Assembly

നികുതിയുടെപേരിൽ ഇവിടെനിന്നും ഒഴിഞ്ഞുപോകാൻ പാടില്ല. അതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ന്യായമായ രീതിയിൽ, അവർക്കർഹമായ രീതിയിൽ വരുമാനം കിട്ടുകയും വേണം. ഇവിടെ ഹൈക്കോടതി വിധിയെത്തുടർന്ന് അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും നികുതിപിരിക്കാൻ കഴിയില്ലെന്നുള്ള ഒരവസ്ഥ സംജാതമായി. 1961-ലെ Entertainments Tax Act-ലെ അവ്യക്തതകൊണ്ടാണ് ഹൈക്കോടതി വിധി നമുക്കെതിരായത്. 1961-ലെ Entertainments Tax Act ആണ് ഇന്ന് നമ്മൾ പിന്തുടരുന്നത്. 1961-ൽ Entertainments Tax Act ഉണ്ടാക്കുമ്പോൾ ഇങ്ങനെയുള്ള അമ്യൂസ്മെന്റ് പാർക്കുകൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ അമ്യൂസ്മെന്റ് പാർക്കുകളിൽനിന്ന് ടാക്സ് പിരിക്കുന്നതിനെ സംബന്ധിച്ച് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. Indoor Entertainments-നെക്കുറിച്ചാണ് നമ്മുടെ വ്യവസ്ഥകളിലൊക്കെ പറഞ്ഞിരിക്കുന്നത്. സമയക്കുറവുകൊണ്ട് ഞാൻ ആ വിധി വായിക്കുന്നില്ല, ചുരുങ്ങിയ വാക്കുകളിൽ പറയുകയാണ്. ഹൈക്കോടതി വിധിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത് യാതൊരു വിധത്തിലും നിങ്ങൾക്ക് അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും നികുതിപിരിക്കാൻ പാടില്ലെന്നാണ്. കിട്ടാനുള്ള ആറുകോടി രൂപയും നിയമാനുസൃതമല്ലെന്നു പറഞ്ഞ് റദ്ദാക്കി. കുന്നത്തുനാട് പഞ്ചായത്ത് നികുതി പിരിക്കാൻ നടത്തിയ ശ്രമങ്ങളൊക്കെ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റദ്ദാക്കുകയുണ്ടായി. അമ്യൂസ്മെന്റ് പാർക്കുകളിൽനിന്നും നികുതി പിരിക്കാൻ ഇപ്പോൾ യാതൊരു നിയമവുമില്ല. കൂടാതെ, നികുതി നൽകിയില്ലെങ്കിൽ സ്ഥാപനം അടച്ചുപൂട്ടാനുള്ള കേരള പഞ്ചായത്ത്രാജ് ആക്ട് വ്യവസ്ഥപോലും ഹൈക്കോടതി റദ്ദാക്കി. ഇപ്പോൾ അമ്യൂസ്മെന്റ് പാർക്കുകൾക്ക് ഇതുവരെയുള്ള കുടിശ്ശിക പിരിക്കാൻ കഴിയില്ല. തുടർന്ന് നികുതി പിരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. അപ്പോഴാണ് കുന്നത്തുനാട് പഞ്ചായത്ത് ഐകകണ്ഠ്യേനയുള്ള പ്രമേയത്തിലൂടെ അതിനുവേണ്ടി ഒരു നിയമമുണ്ടാക്കണമെന്നുള്ള ആവശ്യവുമായി മുന്നോട്ടുവന്നത്. അപ്പോൾ പഞ്ചായത്തുകൾക്ക് അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നികുതി പിരിക്കാനുള്ള വ്യവസ്ഥ പുതുതായി ഉണ്ടാക്കേണ്ടിവന്നു.

ശ്രീ. കെ.പി. രാജേന്ദ്രൻ: സർ, ഹൈക്കോടതിയിൽ അങ്ങനെ കേസ് വന്നപ്പോൾ നിലവിലുള്ള 1961-ലെ ആക്ടനുസരിച്ച് അവർ ഒരു ടാക്സ് ഈടാക്കിയിരുന്നല്ലോ. ആ ടാക്സ് പ്രകാരം സംഖ്യ അവർ കൊടുക്കുന്നില്ല, കേസ് ആയി. അങ്ങനെ ഹൈക്കോടതി കേസ് വന്ന് അത് പിരിക്കാൻപോലും പാടില്ലെന്നു പറഞ്ഞപ്പോൾ ടിക്കറ്റുവച്ച് നടത്തുന്ന ഒരു സ്ഥാപനത്തിൽ അങ്ങനെ ഹൈക്കോടതിയുടെ ഒരു വിധിവന്നാൽ നമുക്കുതന്നെ നിയമപരമായി എത്രയോ അവസരങ്ങളില്ലേ? അത് ഗവൺമെന്റിന്റെ ബാധ്യതയല്ലേ? ആ പഞ്ചായത്തിന്റെ താത്പര്യം സംരക്ഷിക്കുക എന്നു പറഞ്ഞാൽ സ്റ്റേറ്റിന്റേയുംകൂടി താത്പര്യം സംരക്ഷിക്കുകയല്ലേ? ഗവൺമെന്റ് ആ കേസിൽ കക്ഷി ചേരുകയോ അല്ലെങ്കിൽ ആ കേസുമായി ബന്ധപ്പെട്ടുകൊണ്ട് എന്തെങ്കിലും അപ്പീലിന് പോവുകയോ എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 1961-ലെ Entertainments Tax Act-ൽ ഈ അമ്യൂസ്മെന്റ് പാർക്കിന് നികുതി പിരിക്കാനുള്ള വ്യവസ്ഥയില്ലെന്ന് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് റിട്ടിയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് എന്റെ സുഹൃത്ത് ശ്രീ. കെ.പി. രാജേന്ദ്രൻ മനസ്സിലാക്കണം. നമ്മൾ 1961-ൽ ഈ ആക്ടുണ്ടാക്കുമ്പോൾ അമ്യൂസ്മെന്റ് പാർക്കിനെപ്പറ്റി ചിന്തിച്ചിരുന്നില്ല. അപ്പോൾ അമ്യൂസ്മെന്റ് പാർക്ക് എന്നുള്ള ഒരു വ്യവസ്ഥയുണ്ടായില്ല. അതുകൊണ്ട് ഗവൺമെന്റിന് കിട്ടിയ നിയമോപദേശം, ഈ നിയമത്തിൽ ഒരു വ്യവസ്ഥ കൊണ്ടുവരണമെന്നാണ്. പിന്നെയുള്ളത് ഞാൻ നേരത്തെ പറഞ്ഞു, ഇത് ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായതല്ല, അമ്യൂസ്മെന്റ് പാർക്കുകൾ ഇന്ന് എല്ലായിടത്തും ഉണ്ടാകുന്നതാണ്. അപ്പോൾ അവർക്കും അമിതമായി നികുതി ചുമത്തി അത് പിരിക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ടായി, അതിനെ ഒരു ഇൻഡസ്ട്രിയായി കണക്കുകൂട്ടണമെന്നുള്ള ഒരു സമീപനമുണ്ടായി. ഈ രണ്ടു സമീപനവും സമന്വയിപ്പിച്ചുകൊണ്ട് ഈ ബിൽ വന്നതാണ്. ഇവിടെ പഞ്ചായത്തുകൾക്ക് നികുതി പിരിക്കാൻ, പഞ്ചായത്തുകൾക്ക് വരുമാനം കിട്ടാനുള്ള ഇച്ഛാശക്തി പ്രകടിപ്പിച്ചുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നത്. പുതിയ മേഖല തുറന്നിരിക്കുകയാണ്. Outdoor entertainments-നെ എല്ലാംതന്നെ നികുതിവിധേയമാക്കിക്കൊണ്ടുള്ള ഒരു വ്യവസ്ഥയാണ് ഇവിടെ കൊണ്ടു വന്നിരിക്കുന്നത്. പഞ്ചായത്തുകൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വരുമാനമാർഗ്ഗങ്ങൾ കൂട്ടിയിരിക്കുകയാണ്. അതുകൊണ്ട് ഈ പറഞ്ഞതുപോലുള്ള ആശങ്കയ്ക്കൊന്നും വകയില്ല. ഇവിടെ എന്റെ ചില സുഹൃത്തുക്കൾ സുനാമി ഫണ്ടിനെക്കുറിച്ച് ചോദിക്കാണിച്ചു. ലീഗ് പിരിച്ച സുനാമി ഫണ്ട് ഗവൺമെന്റിലേക്ക് പോയി. മറ്റു പലരും പിരിച്ചത് സ്വയം കൈകാര്യം ചെയ്യുകയാണ്.

മി. സ്പീക്കർ: ബിൽ ചർച്ചയിൽ പലതും പറയും; അതൊന്നും കാര്യമാക്കണ്ട. അത് ഈ ബില്ലുമായി ബന്ധമുള്ളതല്ല.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ നിയമം കൊണ്ടുവരുന്നതുതന്നെ അവ്യക്തത മാറ്റാനാണ്. അതുകൊണ്ട് അവ്യക്തത മാറ്റണം, എല്ലാം സുവ്യക്തമാക്കണം. ഞങ്ങൾ പിരിച്ച സംഖ്യ ഞങ്ങൾ ഗവൺമെന്റിലേക്ക് കൊടുത്തു. ചിലർ ഗവൺമെന്റിലേക്ക് കൊടുക്കാതെ സ്വയം കൈകാര്യം ചെയ്യുകയാണ്. ആ ഒരു പരിപാടി ഞങ്ങൾ ചെയ്തിട്ടില്ല. ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. കെ. ബാബു അവതരിപ്പിച്ച (1A) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ് അവതരിപ്പിച്ച (2 B) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി.സി. ജോർജ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി.സി. ജോർജ് അവതരിപ്പിച്ച ഭേദഗതിയെ
അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ The Kerala Local Authorities Entertainments Tax (Amendment) Bill, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു, ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri K. P. Rajendran: Sir, I move the following amendments:

(86) In section 3B (1) of the principal Act proposed to be inserted by clause 2 after the word "fixed" add the words "at the beginning of each year".

(93) In column (2) under category A of section 3(B) (1) of the principal Act proposed to be inserted by clause 2 for the words and figures "Rs. 3 to 6 lakhs" substitute the words and figures "Rs.10 to 15 lakhs".

(96) In section 3(B) (1) of the principal Act proposed to be inserted by clause 2, under the heading category B in column 1, delete the words "(excluding the area provided for parking vehicles and other unutilized/vacant area)".

(98) In section 3B (1) proposed to be inserted by clause 2 under category B in column (2) for the words and figures "Rs. 10 to 15 lakhs", substitute the word and figures "Rs. 20 to 25 lakhs".

(101) In section 3B (1), proposed to be inserted by clause 2 under category C in column (1) delete the words "(excluding the area provided for parking vehicles and other unutilized/vacant area)".

LIBRARY ARCHIVES Kerala Legislative Assembly

(106) In Section 3 (B) (1) of the principal Act, proposed to be inserted by clause 2 under category C in column (2) substitute the words and figures "Rs. 25 to 30 lakhs" by the words and figures "Rs. 50 to 60 lakhs".

(109) In Section 3 B (1) of the principal Act proposed to be inserted by clause 2 under category D in column (1) delete the words "(excluding the area provided for parking vehicles and other unutilized/vacant area)".

(113) In Section 3 B (1) of the principal Act proposed to be inserted by clause 2 under category D in column (2) substitute the words and figures "Rs. 50 to 60 lakhs" by the words and figures "Rs. 75 to 100 lakhs".

(117) In Section 3 B (1) proposed to be inserted by clause 2, under category E in column (1) delete the words excluding the area provided for parking vehicles and other unutilized/vacant area".

(123) In Section 3 B (1) of the principal Act proposed to be inserted by clause 2, under category E in column (2) substitute the words and figures "Rs. 80 to 100 lakhs" by the words and figures "Rs. 125 to 150 lakhs".

(127) The rates envisaged in (a) and (b) of the first proviso to Section 3 B (1) of the principal Act proposed to be inserted by clause 2, the words "sixty" and "forty" shall be substituted by the words "twenty five" and "ten" respectively and delete (c) and (d).

(137) In the Explanation of the section 3B (1) of the principal Act proposed to be inserted by clause 2 after the words "admission is based on payment" add the words "the rates of admission ticket shall be fixed with the permission of the local bodies concerned".

(141) In Section 3B (2) (a) of the principal Act proposed to be inserted by clause 2 after the words "safety of the parks" add the words "and the facilities thereon".

(142) In item (iii) of Section 3B (2) (b) of the principal Act proposed to be inserted by clause 2 for the words "Finance (Expenditure)" the words "Cultural Affairs" shall be substituted.

(144) In Sub clause (2) (b) of Section 3B of the Principal Act proposed to be inserted by clause 2 for the existing item (v), (vi) and (vii) the following item shall be substituted namely:-

LIBRARY ARCHIVES Kerala Legislative Assembly

"(v) Mayor elected by the Mayors' chamber.

(vi) Municipal Chairperson elected by the Municipal Chamber.

(vii) Two Presidents elected by the Grama Panchayat Presidents' Association."

(151) After Section 3 B of the principal Act proposed to be amended by clause 2 the following shall be added as 3C and 3D.

"3C The income from the entertainment tax may be disbursed at the following rates.

60 per cent of the income to the Grama Panchayath wherein the amusement park is situated.

25 per cent of the income to the Block Panchayath wherein the amusement park is situated.

15 per cent of the income to the District Panchayath wherein the amusement park is situated."

"3D if the amusement park is situated in a Corporation or Municipal Town the income from entertainment Tax should be disbursed in the following manner.

75 per cent of the income to the Corporation/Municipality.

25 per cent of the income to the District Panchayath".

ഞാൻ ഇതെല്ലാം ഓരോന്നായി പറയുന്നില്ല, കാരണം ഇതെല്ലാം സമാനമാണ്. ഞാൻ നേരത്തെ മിനിസ്റ്ററോട് ഒരു സംശയം പ്രകടിപ്പിച്ചത് ഗവൺമെന്റ് ഇതിൽ അപ്പീൽ പോയോ? ഞങ്ങൾക്ക് കിട്ടിയിരിക്കുന്ന വിവരം ഈ ഗ്രാമപ്പഞ്ചായത്തുകളിൽ വീഗാലാൻഡ് എന്നു പറയുന്ന സ്ഥാപനം നിൽക്കുന്ന കുന്നത്തുനാട് പഞ്ചായത്ത് മാത്രമല്ല, ഇതുപോലെ സമാനമായ പല സ്ഥാപനങ്ങളും പല പഞ്ചായത്തിലും പ്രവർത്തിക്കുന്നുണ്ട്. ആതിരപ്പള്ളി പഞ്ചായത്തിലുണ്ട്, കുന്നത്തുനാട്ടിലുണ്ട്. കുമരകം പഞ്ചായത്തിൽ ഉണ്ട്, അതുപോലെ പല സ്ഥലത്തുമുണ്ട്. പിന്നെ അമ്യൂസ്മെന്റ് പാർക്കുകളും മറ്റുതരത്തിലുള്ള വിനോദ നികുതിയും നമുക്ക് ഈടാക്കേണ്ടതായുണ്ട്. അപ്പോൾ ഇത്തരം സ്ഥാപനങ്ങൾക്ക് കിട്ടേണ്ട വരുമാനം നഷ്ടപ്പെടുമ്പോൾ ആ വരുമാനം നഷ്ടപ്പെടാതിരിക്കാൻ അവരെ പ്രൊട്ടക്ട് ചെയ്യാനുള്ള ചുമതല ആർക്കാണ്? ഗവൺമെന്റിനാണ്. അപ്പോൾ 1961-ലെ നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് അമ്യൂസ്മെന്റ് പാർക്കിൽനിന്നും ടാക്സ്

GPM. 2/566/2012—50

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കാൻ പാടില്ലെന്ന് കോടതി വിധിച്ചാൽ നമ്മൾ അതിന്റെ എല്ലാ നിയമവശങ്ങളും പരിശോധിച്ചു. ഇപ്പോൾ നിയമോപദേശം കിട്ടിയിരിക്കുന്നത് ഇതിന് നിയമം കൊണ്ടുവരിക അല്ലെങ്കിൽ ബിൽ കൊണ്ടുവരിക അല്ലാതെ വേറെ വഴിയില്ലെന്നുള്ളതാണ്. അതുകൊണ്ടാണ് ഇതിന് സുപ്രീം കോടതിയിൽ അപ്പീൽ പോയോ അല്ലെങ്കിൽ ഹൈക്കോടതിയിൽ അപ്പീൽ പോയോ എന്ന് ചോദിച്ചത്. കേരള ഗവൺമെന്റിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ഈ കേസിൽ കോടതി മുമ്പാകെ എന്തെങ്കിലും സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ടോ, നമ്മൾ എന്തെങ്കിലും ബോധിപ്പിച്ചിട്ടുണ്ടോ? ഞാൻ ഈ ചോദ്യം ഉന്നയിക്കാൻ കാരണം ഇപ്പോൾ പെരുമാട്ടി പഞ്ചായത്ത് കേസ് കൊടുക്കുന്നു, ആ കേസുമായി ബന്ധപ്പെട്ട് നിയമസഭയിൽ നമ്മൾ ചർച്ച ചെയ്തു. പഞ്ചായത്തിൽനിന്നും കൊടുക്കുന്ന കേസിന്, അവരുടെ കോടതിച്ചെലവിന് ഇത്ര സംഖ്യ വഹിക്കാമെന്നുള്ളതിന് ഒരു സീലിംഗുണ്ടാക്കി. എന്നു പറഞ്ഞാൽ ആ പഞ്ചായത്തിന്. ഏറ്റവും ഉയർന്ന കോടതിവരെ പോകാൻ ഒരിക്കലും കഴിയാത്ത വിധത്തിൽ ഒരു സീലിംഗ് ഏർപ്പെടുത്തി. അപ്പോൾ പഞ്ചായത്തിന് ഒരു വരുമാനം കിട്ടുക എന്നു പറഞ്ഞാൽ അത് ഗവൺമെന്റിന് കിട്ടുന്ന വരുമാനമല്ലേ? പഞ്ചായത്ത് Local Self Government അല്ലേ? അതിന്റെ പേര് Local Self Government എന്നല്ലേ? അപ്പോൾ ഗവൺമെന്റിന് കിട്ടുന്ന ആ വരുമാനം നഷ്ടപ്പെടുന്നത് പ്രൊട്ടക്ടു ചെയ്യേണ്ട ചുമതല ഗവൺമെന്റിനുണ്ട്. അങ്ങനെ വരുമ്പോൾ 8 കോടി അല്ലെങ്കിൽ 10 കോടി, അല്ലെങ്കിൽ എത്രയെങ്കിലും സംഖ്യയാകട്ടെ, അത് പഞ്ചായത്തുകൾക്ക് കിട്ടുന്ന ടാക്സ് ഉപയോഗപ്പെടുത്തി ചെയ്യേണ്ട കാര്യങ്ങൾ ആലോചിക്കുന്നതിനു പകരം ഈ പാർക്കുകൾക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന വിധത്തിൽ ആയിപ്പോയില്ലേ എന്നാണ് ഞങ്ങൾക്ക് സംശയം, അല്ലെങ്കിൽ ആക്ഷേപം. അവിടെ 750 രൂപ, 400 രൂപ ഒക്കെ വച്ചാണ് ഈടാക്കുന്നത്. എത്ര ടിക്കറ്റ് കൊടുക്കുന്നുണ്ട്, എത്ര ടിക്കറ്റ് ഇവിടെ ഇഷ്യൂ ചെയ്യുന്നുണ്ടെന്നുള്ളത് അറിയാമല്ലോ. സിനിമാ തിയേറ്ററിൽ ടിക്കറ്റ് വിതരണം ചെയ്താൽ ഓരോ ടിക്കറ്റ് അനുസരിച്ചും അതിന്റെ ടാക്സ് നമ്മൾ ഈടാക്കുന്നില്ലേ? അതിന് ഇവിടെ നിയമമില്ലേ? അതിന് ഇവിടെ വ്യവസ്ഥയുണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതിനു പകരം ഫലത്തിൽ ഈ പാർക്കുകളെ സഹായിക്കുന്നതിലേക്കു പോയി എന്നുള്ള ആക്ഷേപമുണ്ട്. അതുകൊണ്ടാണ് പറയുന്നത്, മറിച്ച് മന്ത്രി പറയുന്ന ഉദ്ദേശത്തോടുകൂടി ഗവൺമെന്റ് അവരെ സഹായിക്കാനാവശ്യമായ രീതിയിൽ നടപടിയെടുക്കണം. അതിനു ചെയ്യേണ്ടത് കോടതിയിൽ കേസുണ്ടാകുമ്പോൾ ആ കേസിലിടപെട്ട് നമ്മുടെ കാര്യങ്ങൾ കോടതിയിൽ ബോധ്യപ്പെടുത്താൻ കോടതിയുടെ മുമ്പാകെ നമ്മൾ ശ്രമിക്കേണ്ടതായിരുന്നു. അത് അവിടെവച്ച് നിർത്തി. 86 മുതൽ 18 ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു. അതിന് ടാക്സ് നിശ്ചയിച്ച് ആദ്യം തന്നത് പിന്നെയും വെട്ടിക്കുറച്ചു. ഏതെങ്കിലും ഒരു മാനദണ്ഡം വച്ചിട്ടാണോ ഇത് കുറച്ചിരിക്കുന്നത്? കാരണം, ആ പാർക്കുകൾക്ക് കിട്ടുന്ന വരുമാനം, ഗവൺമെന്റിന്റെ സൗജന്യങ്ങൾ അവർക്ക് കിട്ടുന്നത്, പല നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കൺസഷൻസും അവർ അനുഭവിക്കുകയല്ലേ, അവർ അനുഭവിച്ചു കൊണ്ടിരിക്കുകയല്ലേ? ഗവൺമെന്റിന്റെ പല കൺസെഷൻസും, ഇലക്ട്രിസിറ്റിയുൾപ്പെടെയുള്ള പല കാര്യങ്ങളും കിട്ടിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ, 250-ഉം 500-ഉം രൂപ ഫീസ് വാങ്ങി പാർക്ക് നടത്തുമ്പോൾ, തീർച്ചയായിട്ടും അവർ ടാക്സ് അടയ്ക്കണം. ഏതു വിധത്തിലായാലും ഗവൺമെന്റിലേക്കു വരുമാനം ഉണ്ടാകണം. അതിനു സഹായകരമായ രീതിയിലാണ് ഈ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. ഇതിൽ കാറ്റഗറി പറഞ്ഞതിൽ മൂന്നു ലക്ഷം മുതൽ ആറു ലക്ഷം രൂപ വരെ മാത്രമേ ടാക്സ് പറഞ്ഞിട്ടുള്ളൂ. എങ്ങനെയാണ് അതു കണക്കാക്കുന്നത്? ഇതു സ്ലാബാക്കിയതു തന്നെ ശാസ്ത്രീയമായിട്ടല്ല. മൂന്നു ലക്ഷം മുതൽ ആറു ലക്ഷം വരെ എന്നു പറയുമ്പോൾ എങ്ങനെയാണ് അതു അസസ് ചെയ്യുക. മിനിസ്റ്റർ മറുപടി പറയുമ്പോൾ പറയണം. മൂന്നു കോടി രൂപ മുതൽമുടക്കുള്ള, രണ്ടു ഹെക്ടറിൽ കവിയാത്ത ഒരു അമ്യൂസ്മെന്റ് പാർക്കിന് മൂന്നു മുതൽ ആറു ലക്ഷം രൂപ വരെയുള്ളതിനു ടാക്സ് എങ്ങനെയാണ് കണക്കാക്കുന്നത്? സംഖ്യ കുറഞ്ഞു പോയി, അതു കൂട്ടണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി. കാറ്റഗറി "എ" മുതൽ "ഇ" വരെയുള്ളതിൽ, "ഇ" എന്നു പറയുമ്പോൾ അതു എത്ര വലിയ പാർക്കാണെന്നു ആലോചിക്കണം. 50 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റും 10 ഹെക്ടർ സ്ഥലവും ഉൾപ്പെടുന്നതാണ്. അതിനു നമ്മൾ നിർദ്ദേശിച്ചിരിക്കുന്നത് എത്രയാണ്? 80 ലക്ഷം മുതൽ 100 ലക്ഷം വരെ. ഇതു യാഥാർത്ഥ്യബോധത്തോടുകൂടി തീരുമാനിച്ചതാണോ? ടാക്സിന്റെ സ്ലാബു നിശ്ചയിച്ച രീതി തന്നെ ശരിയായിട്ടില്ല. നിശ്ചയിച്ച ടാക്സ് കുറഞ്ഞു പോയി. 80 മുതൽ 100 ലക്ഷം വരെ എന്നു പറയുമ്പോൾ. ടാക്സ് നിശ്ചയിക്കാൻ ചില രീതികൾ ഉണ്ടാകുമല്ലോ. ഇതു അനാവശ്യമായ വിധത്തിലുള്ള കറപ്ഷനും ലിറ്റിഗേഷനും ഇടവരും. ഇവിടെ ടാക്സ് നിശ്ചയിച്ചതിൽ ഫസ്റ്റ് ഇയറിൽ 60 ശതമാനം റിബേറ്റ്സേഷനാണ് പറഞ്ഞിരിക്കുന്നത്. ഒരു പാർക്ക് ആരംഭിച്ചു കഴിഞ്ഞാൽ, ആദ്യത്തെ കൊല്ലം 60 ശതമാനം നമ്മൾ ഒഴിവാക്കിക്കൊടുക്കും. രണ്ടാമത്തെ കൊല്ലം 40 ശതമാനം റിബേറ്റ്സേഷൻ. മൂന്നാമത്തെ കൊല്ലം 20 ശതമാനം, നാലാമത്തെ കൊല്ലം 10 ശതമാനം. അഞ്ചാമത്തെ കൊല്ലം മുതലാണ് ഗവൺമെന്റിനു വരുമാനം വരുന്നത്. ഏറ്റവും നല്ല സമയത്താണ് പാർക്കു ആരംഭിച്ചത്. അവിടെ ഒരു ദിവസം വരുന്ന വണ്ടികൾ, വിൽക്കപ്പെടുന്ന ടിക്കറ്റുകൾ, അങ്ങനെ വരുമ്പോൾ ആദ്യത്തെ കൊല്ലം 60 ശതമാനം നികുതി ഒഴിവാക്കുന്നത് എന്തടിസ്ഥാനത്തിലാണ്? എത്ര കോടി രൂപ നമുക്കു നഷ്ടപ്പെട്ടു. അവർക്കു കൺസെഷൻ കൊടുക്കണ്ട എന്നല്ല ഞാൻ പറയുന്നത്. നിങ്ങൾ നേരത്തെ ഇവിടെ അവതരിപ്പിച്ച ബില്ലിൽ നിന്നും വീണ്ടും അതിന്റെ പകുതിയായി ടാക്സ് വെട്ടിക്കുറച്ചിരിക്കുന്നു. രണ്ടാമത്തെ കൊല്ലം 40 ശതമാനം ഒഴിവാക്കിക്കൊടുക്കുന്നു. അഞ്ചാമത്തെ കൊല്ലം കഴിയുമ്പോൾ ഇതിൽ നിന്നും ടാക്സ് കുറേശ്ശേ കിട്ടി തുടങ്ങും. അതൊരു ശരിയായ നടപടിയാണോ? ഒരു ഗ്രാമപഞ്ചായത്തിനു കിട്ടേണ്ട വരുമാനത്തിൽ തെറ്റായ രീതിയിൽ കൈ കടത്തി നിയമമുണ്ടാക്കി, പഞ്ചായത്തിനു കിട്ടേണ്ട വരുമാനം വെട്ടിക്കുറയ്ക്കാൻ എന്തധികാരമാണുള്ളത്. ഭരണപരമായി പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്ന അധികാരത്തിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly

കൈകടത്തുവല്ലേ? അങ്ങനെ ചെയ്യാൻ പാടുണ്ടോ? കൺസെഷൻ കൊടുക്കാൻ പറ്റുന്നതു കൊടുത്തുകൊള്ളൂ. ഇളവു കൊടുക്കാവുന്നിടത്തോളം കൊടുത്തു കൊള്ളൂ. ഞാൻ എന്റെ ഭേദഗതികൾ അവതരിപ്പിക്കുന്നു.

Shri V. D. Satheesan: Sir, I move the following amendment:

(87) In the heading in column (2) of the table of section 3B (1) of the principal Act proposed to be inserted by clause (2) after the words "Range of" add the word "annual".

Shri P. J. Joy: Sir, I move the following amendments:

(88) In section 3B (1) of the principal Act proposed to be inserted by clause 2 in column (1) of the Table below category A for the words "having area to an extent of 2 hectares and below" substitute the words "having an area of land measuring upto 2 hectares".

(136) In section 3B of the principal Act proposed to be inserted by clause 2(1) after the second proviso add the following as third proviso namely:- "provided also that the instalment for a month shall be paid before the 10th day of each month and if an instalment happens to fall in arrears the proprietor shall be liable to pay interest at the rate of two percent for month or part thereof".

Smt. P. K. Sreemathi Teacher: Sir, I move the following amendments:

(89) In column (1) of the table under category A of section 3B (1) of the principal Act, proposed to be inserted by clause 2, for the words and figures "area to an extent of 2 hectares and below" the words and figures "area to an extent upto 2 hectares" shall be substituted.

(90) In column (1) of the table under category A of section 3B (1) of the principal Act proposed to be inserted by clause 2, for the word "excluding" the word "including" shall be substituted.

(95) In column (1) of the table under category B of section 3B (1) of the principal Act proposed to be inserted by clause 2, for the word "excluding" the word "including" shall be substituted.

(100) In column (1) of the table under category C of section 3B(1) of the principal Act proposed to be inserted by clause 2, for the word "excluding" substitute the word "including".

LIBRARY ARCHIVES Kerala Legislative Assembly

(108) In column (1) of the Table under category D of Section 3B(1) of the principal Act proposed to be inserted by clause 2 for the words "excluding" the words "including" shall be substituted.

(146) After section 3B (2) (viii) of the Principal Act proposed to be inserted by clause 2 add the following item namely:—

"(ix) Two members of the Kerala Legislative Assembly".

Shri Thampanoor Ravi: Sir, I move the following amendments:

(91) In column (2) of the table under category A of section 3 B (1) of the principal Act, proposed to be inserted by clause 2 the words and figures "₹ 3 to 6 lakhs" shall be substituted by words and figures "₹ 2 to 5 lakhs".

(97) In column (2) of the table under category B of section 3 B (1) of the principal Act, proposed to be inserted by clause 2. the words and figures "₹ 10 to15 lakhs" may be substituted by words and figures "₹ 7 to 12 lakhs".

(125) In the first proviso to Section 3 B (1) of the principal Act proposed to be inserted by clause2, the words "four years" shall be substituted by the words "five years".

(126) After item (d) of the first proviso to Section 3B (1) of the principal Act proposed to be inserted by clause 2, the following items and entries shall be added namely:-

"(e) Fifth year Ten percent"

(129) In the first proviso to Section 3B (1) of the principal Act proposed to be inserted by clause 2, the rates shown against item (a) to (d) shall be substituted by 70%, 50%, 40% and 30% respectively.

Shri T. N. Prathapan: Sir, I move the following amendment:

(99) In column (1) of the table under category C of section 3B (1) of the principal Act proposed to be inserted by clause 2, for the words "having area to an extent of" substitute the words "having an area of land measuring".

Shri C. Moyinkutty: Sir, I move the following amendment:

LIBRARY ARCHIVES Kerala Legislative Assembly

(102) In column (2) of the table under category C of section 3 B (1) of the principal Act, proposed to be inserted by clause 2 for the words and figures "₹ 25 to 30 lakhs" the words and figures "₹ 20 to 25 lakhs" shall be substituted.

Shri A. A. Azeez: Sir. I move the following amendments:

(114) The words and figures in column (2) under the categories A to D of Section 3B (1) of the principal Act proposed to be inserted by clause 2 shall be recast as follows:

₹ 5 to 7 Lakhs

₹ 15 to 20 Lakhs

₹ 30 to 40 Lakhs

₹ 60 to 75 Lakhs

(131) The items (a) to (d) and the entries against them of the first proviso to section 3B (1) of the principal Act proposed to be inserted by clause 2 shall be recast as follows:

"Period	Relaxation of rate of entertainment tax.
(a) First year	Forty percent.
(b) Second year	Twenty percent.
(c) Third year	Ten percent.
(d) Fourth year	Five percent."

Shri T. M. Jacob: Sir, I move the following amendments:

(124) In column (2) under category A to E of Section 3 B (1) of the principal Act proposed to be amended by clause 2, the following shall be amended namely:-

(i) Category A, in column 1, for the figure 3 substitute 4.

(ii) Category B, in column 1, for the figure 10 substitute 12.

(iii) Category C, in column 2, for the words and figures "₹ 25 to 30 lakhs" substitute the words and figures "₹ 30 to 40 lakhs".

LIBRARY ARCHIVES Kerala Legislative Assembly

(iv) Category D, in column 2, for the words and figures "₹ 50 to 60 lakhs" substitute the words and figures "₹ 60 to 70 lakhs".

(v) Category E in column 2, for the words and figures "₹ 80 to 100 lakhs" substitute "₹ 90 to 100 lakhs".

(128) In the first proviso to Section 3 B (1) of the principal Act proposed to be inserted by clause 2,

(i) in item (a) for the words "sixty percent" substitute the words "fifty percent".

(ii) in item (c) for the words "twenty percent" substitute the words "thirty percent".

(iii) in item (d) for the words "ten percent" substitute the words "fifteen percent".

(143) In section 3 B (2) (b) of the principal Act proposed to be inserted by clause 2 after item IV, the following shall be added as item (V) and renumber the remaining accordingly.

"(V) The Secretary to Government, Law Department."

ഞാൻ മൂന്നു ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ ഡീറ്റെയിൽസിലേക്കു പോകുന്നില്ല. എങ്കിലും ഒന്നു രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിക്കു പോയപ്പോൾ ഇതിൽ നാലു കാറ്റഗറികളാണുണ്ടായിരുന്നത്. ടാക്സ് ചുമത്തേണ്ട അമ്യൂസ്മെന്റ് പാർക്കിനെ നാലു കാറ്റഗറികളായി തിരിച്ചിരുന്നു. ഇപ്പോൾ അത് അഞ്ചു കാറ്റഗറികളാക്കിയിട്ടുണ്ട്. ഇപ്പോൾ അതിന്റെ ഇൻവെസ്റ്റുമെന്റും എക്സ്റ്റന്റും വ്യത്യാസം വരുത്തിയിട്ടുണ്ട്. അതനുസരിച്ച് അതിന്റെ റേറ്റിൽ. പോക്കൽ ബോഡീസിനു ഈടാക്കാവുന്ന റേറ്റും പറഞ്ഞിട്ടുണ്ട്. അതിൽ കുറച്ചു വേരിയേഷനുണ്ട്. അതു ഞാൻ ഓരോന്നായി എടുത്ത് എക്സ്പ്ലയിൻ ചെയ്യുന്നില്ല. രണ്ടാമത്തേത് എന്റർട്ടെയിൻമെന്റ് ടാക്സാണ്. ഇതിനകത്ത് പ്രൊവൈസോയിൽ ചേർത്തിരിക്കുന്നത്, first four year period of operation of an Amusement Park the annual entertainment tax leviable shall be relaxed at the following rates namely: എന്നാണ്. അടുത്തതായി ഞാൻ അവതരിപ്പിക്കുന്ന മറ്റൊരു ഭേദഗതി എന്നു പറയുന്നത് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതിനെക്കുറിച്ചാണ്. സെക്രട്ടറീസിന്റെ കാര്യം നോക്കിയാൽ, അതിനകത്തു വിട്ടുപോയ ഒരാൾ ഉണ്ട്. ഇവിടെ Secretary to Government, LSGD (Urban) ഉണ്ട്. (Rural) ഉണ്ട്. എക്സ്പെൻഡിച്ചർ സെക്രട്ടറി ഉണ്ട്. ടൂറിസം സെക്രട്ടറി ഉണ്ട്. ഇവരെല്ലാം വന്നിട്ടുണ്ട്. ഇതിനകത്തു വരാതെ പോയിരിക്കുന്ന ഒരാൾ ലാ സെക്രട്ടറിയാണ്. അതുംകൂടി ഇതിനകത്തു വരേണ്ടത് ഒരാവശ്യമാണ്. ഇതു മൂന്നുമാണ് എന്റെ ഭേദഗതി. അമ്യൂസ്മെന്റ് പാർക്കിനെക്കുറിച്ച് ഒരു കാര്യം പറയാനുണ്ട്. അമ്യൂസ്മെന്റ് പാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറയുമ്പോൾ ഇതിനകത്തു വന്നിരിക്കുന്നത് water theme park ആണ്. അമ്യൂസ്മെന്റ് പാർക്കായി വന്നിരിക്കുന്ന മെജോറിറ്റി, water theme parks നമ്മുടെ കേരളത്തിൽ സ്റ്റാർട്ട് ചെയ്തു. ഇപ്പോൾ കുറെയെണ്ണം ഫംഗ്ഷൻ ചെയ്യുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ ടി. വി. യിൽ കണ്ടു. കണ്ണൂരിൽ രണ്ടു വാട്ടർ തീം പാർക്ക്. ഇവിടെ അമ്യൂസ്മെന്റു പാർക്കിൽ വാട്ടർ തീം പാർക്കാണ് വരാൻ പോകുന്നത്. അതിനൊരു കാരണമായി പറഞ്ഞിരിക്കുന്നത്, ഇതു തെക്കൻ ജില്ലകളിൽ മാത്രമേയുള്ളൂ എന്നാണ്. വടക്കുള്ള ആളുകൾക്ക് ഇതിനകത്ത് പങ്കെടുക്കുന്നതിനുള്ള ഒരു അവസരം കൂടി വേണം. നേരത്തെ ഇടുക്കിയിലേക്കു പോകുന്ന വഴിയിൽ ഒന്നുണ്ടായിരുന്നു. ഇതിനകത്ത് ഒരു കാര്യം ശ്രദ്ധിക്കാതെ പോകുന്നുണ്ട്. ഇതു ഹൈജീനിക്കാണോ എന്നുള്ളത്. അതിന് എന്തെങ്കിലും സംവിധാനം ഇപ്പോഴുണ്ടോ? ഇപ്പോൾ യാതൊരു സംവിധാനവുമില്ല. ഈ വാട്ടർ തീം പാർക്കിൽ തക്ക് രോഗമുള്ള ആളുകൾ വരുന്നുണ്ട്, പല രോഗങ്ങളുമുള്ള ആളുകൾ വരുന്നുണ്ട്. വാട്ടർ തീം പാർക്കിന്റെ ഓരോ റൈഡിലും പെടുമ്പോൾ, കുട്ടികൾ മലമൂത്ര വിസർജ്ജനം നടത്താൻ സാധ്യതയുണ്ട്. മുതിർന്നയാളുകൾ മൂത്രമൊഴിക്കാറുണ്ട്. ഈ റൈഡ് ഓരോന്നും .നടക്കുമ്പോഴും, അതിന്റെ ഗ്രാവിറ്റി അനുസരിച്ച് വന്നു പോടുമ്പോഴുമൊക്കെ ആളുകൾ കുറെ വെള്ളം കുടിച്ചു എന്നും വരാം. അപ്പോൾ ഈ വെള്ളം ഹൈജീനിക് ആണോ എന്നുള്ളത് എറ്റവും വലിയ പ്രശ്നമാണ്. ടൂറിസത്തെ പ്രോൽസാഹിപ്പിക്കാൻ വേണ്ടി ഓരോന്നും ചെയ്യുന്നു. പക്ഷേ ഹൈജീനിക്കായിട്ടുള്ള സംവിധാനത്തെക്കുറിച്ച് ഇതുവരെയും ആലോചിച്ചിട്ടില്ല. അമേരിക്കയിൽ ഇതുപോലുള്ള വാട്ടർ തീം പാർക്കുകൾ ധാരാളമുണ്ട്. വികസിത രാജ്യമായ അവർ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ഹൈജീനിക്കാണോ എന്നുള്ള വിഷയത്തിനാണ്. ഇവിടെ അമ്യൂസ്മെന്റ് പാർക്കായി വരുന്ന വാട്ടർ തീം പാർക്കിൽ ഹൈജീനിക് കണ്ടീഷൻസ് ഒന്നുമില്ല. വീഗാലാന്റിന്റെ പരസ്യത്തിൽ അവർ എടുത്തു പറയുന്ന പ്രധാനപ്പെട്ട കാര്യം, അവരാണ് ഏറ്റവും വലിയ ഹൈജീനിക് എന്നാണ്. ലോക്കൽ ബോഡീസിന്റെ എന്റർട്ടെയിൻമെന്റ്സ് ടാക്സ് അമെന്റുമെന്റ് ബില്ലിനകത്ത് ടാക്സേഷനെക്കുറിച്ചാണ് പറയുന്നത്. അതിനകത്തു റിലാക്സേഷൻ കൊടുക്കുന്നുണ്ട്. ഹൈസ മാത്രമല്ല പ്രശ്നം. ലോക്കൽ ബോഡീസിനും നഷ്ടമുണ്ടാകാൻ പാടില്ല, നമുക്ക് എന്റർട്ടെയിൻമെന്റ് ടാക്സും കിട്ടണം. ഇതു വളരെ വലിയൊരു വിഷയമായി കേരളത്തിൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനു എഫക്ടീവായിട്ടുള്ള സ്റ്റെപ്സ് നിങ്ങൾ എടുത്തില്ലെങ്കിൽ അതു നമ്മുടെ നാട്ടിൽ വലിയ ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തും. പാശ്ചാത്യ രാജ്യങ്ങളിലെ വാട്ടർ തീം പാർക്കിൽ വന്നു പോകുന്ന ആളുകളുടെ എണ്ണം വളരെ പരിമിതമാണ്. അവിടെ റൈഡ് തുടങ്ങിക്കഴിഞ്ഞാൽ വൈകുന്നേരമാകുമ്പോൾ വെള്ളത്തിന്റെ കണ്ടീഷനെ സംബന്ധിച്ചൊക്കെ പരിശോധിക്കും. ഇതൊന്നും നമുക്കില്ല. നമുക്ക് ജനസംഖ്യ വളരെ കൂടുതലാണ്. റൈഡിൽ പങ്കെടുക്കുമ്പോൾ എത്ര ശ്രമിച്ചാലും ഒരു കവിൾ വെള്ളമെങ്കിലും ശരീരത്തിനകത്തു പോകും. അതുമതി അസുഖമുണ്ടാക്കാൻ. അതിന് എന്തെങ്കിലും ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ഉദ്ദേശിക്കുന്നുണ്ടോ? ഇപ്പോൾ ഉദ്ദേശിക്കുന്നില്ലെങ്കിൽ പിന്നീട് ചെയ്യണം. അതിനാവശ്യമായിട്ടുള്ള ഒരു ഭേദഗതി ഈ നിയമത്തിൽ ആവശ്യമാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Prakashan,Master: Sir, I move the following amendments:

(134) For items (a) to (d) and entries against them of the first proviso to 3 B (1) of the principal Act proposed to be inserted by clause 2, the following shall be substituted:

" Period Relaxation of rate of entertainment tax

(a)	First Year	Sixty per cent.
(b)	Second year	Fifty per cent.
(c)	Third year	Thirty per cent.
(d)	Fourth year	Twenty per cent.
(e)	Fifth year	Ten per cent."

(149) In sub-section 2 (b) of section 3 B of the principal Act proposed to be inserted by clause 2 add the following item as item (ix).

" (ix) The Presidents in the case of Grama Panchayats, the Chairman in the case of Municipalities, the Mayor in the case of Corporation of the places where the amusement parks are established."

(150) After section 3 B (2) (e) of the principal Act proposed to be inserted by clause 2 the following shall be added as (d).

"(d) The concerned Panchayathi Raj Institution represented by its Chairperson has the right to appeal on the decision of the committee on the categorization of the amusement park and the Government should hear the Panchayathi Raj Institution before taking a decision on the appeal".

നിയമനിർമ്മാണ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ജോലി നിയമം നിർമ്മിക്കലാണ്. പരിമിതമായ ദിവസങ്ങളിലുള്ള എന്റെ അനുഭവത്തിൽനിന്നും ഞാൻ പറയുകയാണ്, യഥാർത്ഥത്തിൽ സ്പീക്കർക്ക് അവകാശപ്പെട്ടിരിക്കുന്ന പ്രത്യേക സമയമുപയോഗിച്ചുകൊണ്ടാണ് നമ്മൾ ബിൽസുകളും നിയമനിർമ്മാണങ്ങളും ചർച്ച ചെയ്യുന്നത്. ഇത് നമ്മുടെ നിയമനിർമ്മാണ സഭയ്ക്ക് യോജിച്ചതല്ല.

മി. സ്പീക്കർ : ശ്രീ. എം. പ്രകാശൻ മാസ്റ്റർക്ക് സമയം തരുന്നുണ്ടല്ലോ.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : എന്റെ ഭേദഗതികളെക്കുറിച്ച് പറയുവാനുള്ളത് ഏതൊരു വ്യവസായവും ആരംഭിക്കുമ്പോൾ അഞ്ച് കൊല്ലക്കാലം ആ വ്യവസായങ്ങൾക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങൾ, നികുതികളുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. ഇപ്പോൾ ഇവിടെ നാല് വർഷത്തേക്കുള്ള relaxation of rate of entertainment tax മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇത് അഞ്ച് വർഷക്കാലമെങ്കിലും വരത്തക്കവിധത്തിലുള്ള ഭേദഗതി വേണമെന്നുള്ളതാണ്. മറ്റൊന്ന് വിനോദനികുതിയെന്നു പറയുന്നത് പഞ്ചായത്തുകളുടെ പ്രധാനപ്പെട്ട ഒരു

LIBRARY ARCHIVES Kerala Legislative Assembly

വരുമാനമാർഗ്ഗമാണ്., ഏഴ്, എട്ട് കൊല്ലക്കാലം പഞ്ചായത്ത് പ്രസിഡന്റായി സേവനമനുഷ്ഠിച്ച ഒരാളെന്ന നിലയ്ക്ക് വിനോദനികുതിയിനത്തിൽ പഞ്ചായത്തുകളുടെ വരുമാനത്തെക്കുറിച്ച് എനിക്ക് നല്ല ബോദ്ധ്യമുണ്ട്. പഞ്ചായത്തുകളുടെ കൈയിലുള്ള വിനോദ നികുതിയുടെ അധികാരമെടുക്കുന്ന ഒരു ബില്ലാണ് നമ്മൾ ഇപ്പോൾ കൊണ്ടുവരുന്നത്. അങ്ങനെകൊണ്ടുവരുന്ന ബില്ലിനകത്ത് വിനോദനികുതി assess ചെയ്യാനുള്ള കമ്മിറ്റിക്കകത്ത് ബന്ധപ്പെട്ട പഞ്ചായത്തിന്റെ ആരുംതന്നെ വേണ്ടതില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. ഈ അമ്യൂസ്മെന്റ് പാർക്കുകൾ ഏത് പഞ്ചായത്തിന്റെ കീഴിലാണോ ഉള്ളത് ആ സ്ഥാപനത്തിന്റെ പ്രസിഡന്റ് എങ്കിലും ഇത് നിശ്ചയിക്കുന്ന കമ്മിറ്റിക്കകത്ത് വരണമെന്നുള്ളതാണ്. മൂന്നാമത്തെ ഭേദഗതിയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയുവാനുള്ളത് വളരെ അന്യായമായ ഒരു തീരുമാനം ഉദ്യോഗസ്ഥൻമാർ അടങ്ങുന്ന കമ്മിറ്റി എടുത്താൽ ആ അന്യായമായ തീരുമാനത്തിൻമേൽ എന്തെങ്കിലും അപ്പീൽ കൊടുക്കാനുള്ള അധികാരം നിലവിലുള്ള ഭരണസമിതിയെ സംബന്ധിച്ചിടത്തോളം ഇല്ല. ആ അധികാരം കൊടുക്കാനുള്ള നിർദ്ദേശവും ഈ ബില്ലിനകത്തുണ്ടാകണം.

Shri M. V. Jayarajan : Sir, I move the following amendments:

(140) In Sub-section (2) (a) of section 3 B of the Principal Act proposed to be inserted by clause 2 substitute the word "ensure" for the word "ensuring";

(148) In sub section 2 (b) of section 3 B inserted by clause 2 add a new item as item (ix).

"(ix) Presidents of the Panchayat in which the amusement park is located".

Shri P. Jayarajan : Sir, I move the following amendment.

(145) In sub-section (2) (a) of section 3 B newly inserted in the principal Act by clause (2) item (vii) shall be recast as follows:

"(vii) President, Kerala Panchayat Association".

സെക്ഷൻ 3(ബി)-യുടെ സബ്-സെക്ഷൻ 2 (എ)-അതിൽ ഏഴാമത്തെ ഐറ്റം പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ എന്നാണ്. അങ്ങനെയൊരു സംഘടന ഇപ്പോൾ നിലവിലില്ല. അതിൽ ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി അച്ചടിച്ചുവന്നപ്പോൾ പ്രസിഡന്റ് കേരള പഞ്ചായത്ത് അസോസിയേഷൻ എന്നാണ് വന്നത്. യഥാർത്ഥത്തിൽ ഞാൻ ഓറലായിട്ട് കൊണ്ടുവരുന്നത് പ്രസിഡന്റ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നാണ്. ഇത് ഗവൺമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘടനയാണ്. പഞ്ചായത്തുകളാണ് പ്രതിനിധികളായി വരുന്നത്. അതിൽ പഞ്ചായത്ത് മെമ്പർമാരാകാം, വൈസ് പ്രസിഡന്റുമാരാകാം, പ്രസിഡന്റാകാം. അപ്പോൾ പഞ്ചായത്തുകളുടെ അസോസിയേഷനാണ്. പഞ്ചായത്ത് മെമ്പർമാരുടെ അസോസിയേഷനല്ല. അപ്പോൾ ഗവൺമെന്റിൽ ഇപ്പോൾത്തന്നെ രജിസ്റ്റർ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയുടെ പ്രസിഡന്റിനെ അതിൽ ഉൾപ്പെടുത്തുമ്പോൾ രജിസ്റ്റേർഡ് സംഘടനയുടെ യഥാർത്ഥ പേരുതന്നെ ഈ നിയമത്തിൽ വരേണ്ടതായിട്ടുണ്ട്. അതുകൊണ്ട് പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ എന്നാക്കി മാറ്റേണ്ടതുണ്ട്. അതാണ് ശരിയായിട്ട് ചെയ്യേണ്ടത്. ഈ ഭേദഗതി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : ഞാൻ നേരത്തെ പറഞ്ഞു, ഇവിടെ അസ്സൂസ്മെന്റ് പാർക്കുണ്ടാകണം, വ്യവസായം വളരണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ ഒരു കമ്മിറ്റിയുടെ പഠനം, ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ നിർദ്ദേശാനുസരണം രൂപീകരിച്ച സെക്രട്ടറിമാരുടെ കമ്മിറ്റി നടത്തിയ പഠനത്തിന്റെയും പിന്നീട് വന്ന ഗവൺമെന്റും നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അസ്സൂസ്മെന്റ് പാർക്കുകളെ വ്യവസായമായി കണക്കാക്കണമെന്നാണ് അന്ന് പറഞ്ഞത്. വ്യവസായങ്ങൾക്ക് കുറെയൊക്കെ ഇളവ് നൽകുന്നുണ്ട്. പക്ഷേ, പഞ്ചായത്തുകൾക്ക് നികുതി നഷ്ടപ്പെടാതിരിക്കാൻ ഇളവ് വളരെ കുറച്ചിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് അഞ്ചുവർഷം നികുതിയിളവ് നൽകുന്നുണ്ട്. ചെറുകിടവ്യവസായങ്ങൾക്ക് പൂർണ്ണമായി നികുതിയിളവ് നൽകുന്നുണ്ട്. ഇവിടെ ഇത് നിർത്തലാക്കിയിട്ടില്ല. ചെറിയ ഒരു ഇളവ് നൽകിയിട്ടേയുള്ളൂ. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിവച്ച ഒരേർപ്പാടാണ്. അതിന്റെ തുടർച്ചയായി ഈ ഗവൺമെന്റും പഠനം നടത്തി. അല്ലാതെ ഈ ഗവൺമെന്റ് പുതുതായി തുടങ്ങിയതല്ല. ഏതായാലും വ്യവസായങ്ങളെക്കാൾ പഞ്ചായത്തുകളോട് താൽപര്യമുള്ള ഒരു മന്ത്രിയെന്ന നിലയിൽ പഞ്ചായത്തുകൾക്ക് കഴിയുന്നത്ര വരുമാനം കൂട്ടാനാണ് ശ്രമിച്ചത്. ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ ഒരു കാര്യം ഓർക്കുകയാണ്. അദ്ദേഹം അവതരിപ്പിച്ച അമെന്റ്മെന്റിൽ പഞ്ചായത്തുകളുടെ വരുമാനം കൂട്ടാനുള്ള താൽപര്യത്തിലാകാം, 1999 മുതലുള്ള retrospective effect-ൽ നിയമം നടപ്പിലാക്കി അവരുടെ കൈയിൽ നിന്നും കുടിശ്ശിക ഈടാക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുമ്പോൾ അദ്ദേഹം പറയുന്നത് 2005 മുതലുള്ളത് ഈടാക്കിയാൽ മതിയെന്നാണ്. ഏതായാലും ഇതിൽ 94-ാം നമ്പർ ഭേദഗതിയായി ശ്രീ. പി. ടി. തോമസ് കൊണ്ടുവന്നത്, ഇവിടെ അവതരിപ്പിച്ചിട്ടില്ല. പക്ഷേ, അത് ഓറൽ അമെന്റ്മെന്റായി ഞാൻ കൊണ്ടുവരുകയാണ്.

"In column (1) under category B of section 3 (B) (1) of the principal Act proposed to be inserted by clause 2 (1) in column (1) under category B for "above 3 crores" substitute "above Rs. 3 crores". അതിന്റെ ആദ്യത്തെ പാർട്ട് സ്വീകരിക്കുകയാണ്. ഇവിടെ ശ്രീ. പി.ടി. തോമസ് അവതരിപ്പിക്കാത്ത 94-ാം നമ്പർ ഭേദഗതി ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുകയാണ്. ശ്രീ. പി. ജയരാജൻ കൊണ്ടുവന്ന 145-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. പ്രസിഡന്റ്, കേരള പഞ്ചായത്ത് അസോസിയേഷൻ എന്ന ഭേദഗതി സ്വീകാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് പറഞ്ഞ കാര്യങ്ങൾ വളരെ relevant ആണ്. അതൊക്കെ ഈ വകുപ്പിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2(എ) ഇതിന്റെ സേഫ്റ്റി പരിശോധിക്കാൻ കമ്മിറ്റിക്ക് ബാദ്ധ്യതയുണ്ട്. പിന്നെ മറ്റ് hygienic conditions. ഇപ്പോൾത്തന്നെ പട്ടങ്ങളുണ്ടാക്കാനുള്ള അധികാരമുണ്ട്. പക്ഷേ, അതിന് അദ്ദേഹം പറഞ്ഞത് വളരെ relevant ആയ കാര്യമാണ്. ഇതിന് റൂൾസിൽ വ്യവസ്ഥയുണ്ടാകും. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : അത് ഗൗരവതരമായി എടുക്കേണ്ട കാര്യമാണ്.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. വി. രാജേന്ദ്രൻ അവതരിപ്പിച്ച 86, 93, 96, 98, 101, 106, 109, 113, 117, 123, 127, 137, 141, 142, 144, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 88, 136 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 89, 90, 95, 100, 108, 146 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 91, 97, 125, 126, 129 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. സി. മോയിൻ കുട്ടി അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 114, 131 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 124, 128, 143 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 134, 149, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 140, 148 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതിചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഭേദഗതി മൂവ് ചെയ്യുന്നില്ല. എനിക്ക് ഒരു സംശയമുണ്ട്. ഞാൻ ഇത് ഉന്നയിക്കാതിരിക്കാൻ കാരണം മിനിസ്റ്റർ ഇത് ആവർത്തിച്ചുപറഞ്ഞതുകൊണ്ടാണ്. ഇപ്പോൾ കേസെല്ലാം ഡിസ്പോസ് ചെയ്ത് കഴിഞ്ഞിട്ടില്ലല്ലോ. അപ്പോൾ ഏതെങ്കിലും ഒരു പഞ്ചായത്തിന് ഒരുകോടി രൂപയോ അല്ലെങ്കിൽ പത്ത് വകഷം രൂപയോ കിട്ടാനുണ്ടെങ്കിൽ വർഷങ്ങളായി കേസ് നടക്കുന്നുണ്ടായിരിക്കും. അങ്ങനെ നാലും അഞ്ചും വർഷംവരെ കേസ് നടന്ന് അവസാനം സുപ്രീം കോടതിവരെ പോകുന്നെന്ന് വിചാരിക്കുക. അങ്ങനെ അവർക്ക് കിട്ടാൻ അർഹതപ്പെട്ട സംഖ്യ, ഇതിൽനിന്നും നികുതിയായി കിട്ടേണ്ട സംഖ്യ സ്ലാബ് അനുസരിച്ച് നഷ്ടപ്പെടുമോ? സ്ലാബ് സിസ്റ്റമനുസരിച്ചല്ലേ നികുതി കണക്കാക്കാൻ പറ്റൂ. അപ്പോൾ അഞ്ചുകോടി രൂപ കിട്ടേണ്ടയാൾക്ക് ഇതുമൂലം ഒരുകോടി രൂപയായാൽ ആ നാല് കോടി രൂപയ്ക്ക് ആര് സമാധാനം പറയും. സംശയത്തിന്റെ പുറത്താണ് അത് എഴുതിയത്. അതല്ലാതെ പഞ്ചായത്തുകൾക്ക് വരുമാനം കുറയ്ക്കാൻവേണ്ടി എഴുതിയതല്ല. എങ്കിൽപ്പിന്നെ ഈ ചർച്ചയൊന്നും വേണ്ടല്ലോ. പഞ്ചായത്തുകൾക്ക് വരുമാനം കൂടണമെന്നുള്ള ഉദ്ദേശമാണുള്ളത്. നിയമവിദഗ്ധൻമാരായ ആളുകൾ ഇത് തയ്യാറാക്കുമ്പോൾ ഒരു പിശക് വരുമെന്ന് മിനിസ്റ്റർ വീണ്ടും വീണ്ടും പറഞ്ഞതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കാത്തത്. മിനിസ്റ്റരെ അംഗീകരിക്കുകയാണ്.

Shri M. V. Jayarajan : Sir, I move the following amendment :

(82) Clause 1 (2) shall be recast as follows:

"(2) It shall come into force as notified in the Gazette".

Shri. M. Prakashan Master : Sir, I move the following amendment:

(83) Clause 1 (2) shall be recast as follows:

LIBRARY ARCHIVES Kerala Legislative Assembly

"(2) It shall come into force at once".

Shri P. Javarajan : Sir, I move the following amendment:

(84) Clause 1 (2) shall be recast as follows:

"(2) It shall come into force at once".

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)* : ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: ബഹുമാനപ്പെട്ട മെമ്പറുടെ സദുദ്ദേശം മനസ്സിലായി. പക്ഷേ, കോടതിവിധി വന്നതിനുശേഷം കിട്ടാൻ സാദ്ധ്യതയില്ലെന്നാണ് നിയമോപദേശം ലഭിച്ചത്. അതുകൊണ്ട് അവരുടെ കൈയിൽനിന്നും ഈടാക്കാൻ വേണ്ടിയാണ് പറഞ്ഞത്.

സ്പീക്കർ : ഒന്നും കിട്ടാതിരിക്കുന്നതിനെക്കാൾ തങ്ങളുടെ കാലാവധി കഴിയുന്നതിനുമുൻപ് റോക്കൽ ബോഡീസിന് കുറച്ചെങ്കിലും കിട്ടട്ടെ.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള 2005-ലെ കേരള റോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് (അമെന്റ്മെന്റ്) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സഭ പാസ്സാക്കിയിരിക്കുന്നു.

IX 58-ാം ചട്ടപ്രകാരമുള്ള ചർച്ച

(1) ധാതുമണൽ ഖനനം സംബന്ധിച്ച് റിട്ട. ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള ചർച്ച

(വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് നോട്ടീസ് നൽകിയത്)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ വി കെ. ഇബ്രാഹിം കുഞ്ഞ്)* : സർ, ധാതുമണൽ ഖനനത്തെപ്പറ്റി പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് നേരത്തേതന്നെ വിതരണം ചെയ്തിട്ടുണ്ട്. നിയന്ത്രണങ്ങളുടെയും ഉപാധികളുടെയും അടിസ്ഥാനത്തിൽ ഖനനമാകാം എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഈ കമ്മിറ്റി വരുന്നതിനുമുമ്പ് 13-1-2003-ൽ ഡോ. ത്രിവിക്രമൻജി ചെയർമാനായും 4-2-2004-ൽ ശ്രീ. ടി. എം. മഹാദേവൻ ചെയർമാനായിട്ടുള്ള കമ്മിറ്റിയും ഈ വിഷയം പഠിച്ച് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എല്ലാ റിപ്പോർട്ടുകളും ബഹുമാനപ്പെട്ട എം.എൽ.എ-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ മൂന്ന് പഠന റിപ്പോർട്ടുകളും വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി നമ്മുടെ തീരത്ത് ലഭ്യമായ ലോകോത്തര മേന്മയുള്ള ധാതുമണൽ ഖനനം ചെയ്ത് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇൽമനൈറ്റ്, റൂട്ടൈയിൽ, സിർക്കോൺ, മോണോസൈറ്റ്, സിർക്കനൈറ്റ്, ഗാർനെറ്റ് എന്നിവയടങ്ങിയ നമ്മുടെ തീരപ്രദേശത്തെ സമ്പുഷ്ടമായ ധാതുമണൽ കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിൽനിന്നുമാത്രം സംഭരിച്ചാൽ അമ്പതിനായിരം കോടി രൂപ വിലവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റിയാൽ അഞ്ച് ലക്ഷം കോടി രൂപയുടെ അധിക

LIBRARY ARCHIVES Kerala Legislative Assembly